**വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ**
**22.10.2025 -ലെ യോഗത്തിന്റെ നടപടിവിവരം**

**ഉള്ളടക്കം**


| ഖണ്ഡിക നമ്പർ | വിഷയം | പേജ് നമ്പർ |
|---|---|---|
| **2.** | വികേന്ദ്രീകൃതാസൂത്രണ കോഓർഡിനേഷൻ കമ്മിറ്റിയുടെ 27.03.2025, 15.09.2025 എന്നീ തീയതികളിൽ നടന്ന യോഗ തീരുമാനപ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ | 3 |
| 2.1 | വികേന്ദ്രീകൃതാസൂത്രണ കോഓർഡിനേഷൻ കമ്മിറ്റിയുടെ 27.03.2025-ൽ നടന്ന യോഗ തീരുമാനപ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയം | 3 |
| 4.6 | Kerala Development and Innovation Strategic Council ( K- Disc) | 3 |
| 2.2 | കോഓർഡിനേഷൻ കമ്മിറ്റിയുടെ 15.09.2025-ൽ നടന്ന യോഗ തീരുമാനപ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയം | 5 |
| 4.11 | കുളത്തുപ്പുഴ ഗ്രാമപഞ്ചായത്ത് | 5 |
| **3.** | **പൊതുവിഷയം** | 7 |
| 3.1 | പട്ടികജാതി - പട്ടികവർഗ്ഗ ഉപപദ്ധതി | 7 |
| **4.** | **പ്രത്യേക വിഷയങ്ങൾ** | 7 |
| 4.1 | കരവാരം ഗ്രാമപഞ്ചായത്ത് (തിരുവനന്തപുരം) | 7 |
| 4.2 | ആരോഗ്യവകുപ്പ് | 8 |
| 4.3 | പരപ്പനങ്ങാടി നഗരസഭ | 9 |
| 4.4 | മരട് നഗരസഭ | 9 |
| 4.5 | കരിമ്പുഴ ഗ്രാമപഞ്ചായത്ത് | 10 |
| 4.6 | ദി കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡ് | 10 |
| 4.7 | കൊടകര ഗ്രാമപഞ്ചായത്ത് | 11 |
| 4.8 | മൂന്നാർ ഗ്രാമപഞ്ചായത്ത് | 11 |
| 4.9 | പാലമേൽ ഗ്രാമപഞ്ചായത്ത് | 12 |
| 4.10 | മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത് | 12 |
| 4.11 | വെള്ളിയാമറ്റം ഗ്രാമപഞ്ചായത്ത് | 13 |
| 4.12 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 13 |
| 4.13 | ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത് | 14 |
| 4.14 | വർക്കല ബ്ലോക്ക് പഞ്ചായത്ത് | 15 |
| 4.15 | തിരുവനന്തപുരം ജില്ലാപഞ്ചായത്ത് | 16 |
| 4.16 | ഏലംകുളം ഗ്രാമപഞ്ചായത്ത് | 17 |
| 4.17 | ചുങ്കത്തറ ഗ്രാമപഞ്ചായത്ത് | 17 |
| 4.18 | മറയൂർ ഗ്രാമപഞ്ചായത്ത് | 17 |
| 4.19 | ഇടവെട്ടി ഗ്രാമപഞ്ചായത്ത് | 18 |
| 4.20 | പത്തനാപുരം ബ്ലോക്ക് പഞ്ചായത്ത് | 18 |
| 4.21 | ഐക്കരനാട് ഗ്രാമപഞ്ചായത്ത് | 19 |
| 4.22 | ഐക്കരനാട് ഗ്രാമപഞ്ചായത്ത് | 19 |
| 4.23 | ഐക്കരനാട് ഗ്രാമപഞ്ചായത്ത് | 20 |
| 4.24 | ഐക്കരനാട് ഗ്രാമപഞ്ചായത്ത് | 20 |
| 4.25 | ഐക്കരനാട് ഗ്രാമപഞ്ചായത്ത് | 21 |
| 4.26 | മത്തായി ചാക്കോ മെമ്മോറിയൽ മലബാർ സ്പോർട്സ് ഡെവലപ്മെന്റ് വെൽഫെയർ കോഓപ്പറേറ്റീവ് സൊസൈറ്റി | 21 |
| 4.27 | കാസർഗോഡ് ജില്ലാ പഞ്ചായത്ത് | 22 |
| 4.28 | നെന്മണിക്കര ഗ്രാമപഞ്ചായത്ത് (തൃശ്ശൂർ ജില്ല) | 22 |
| 4.29 | കുടാളി ഗ്രാമപഞ്ചായത്ത് (കണ്ണൂർ ജില്ല) | 23 |
| 4.30 | കുടാളി ഗ്രാമപഞ്ചായത്ത് (കണ്ണൂർ ജില്ല) | 23 |
| 4.31 | കൂടരഞ്ഞി ഗ്രാമപഞ്ചായത്ത് ( കോഴിക്കോട് ജില്ല) | 24 |
| 4.32 | എരുമപ്പെട്ടി ഗ്രാമപഞ്ചായത്ത് ( തൃശ്ശൂർ ജില്ല) | 25 |
| 4.33 | എടപ്പാൾ ഗ്രാമപഞ്ചാത്ത് (മലപ്പുറം ജില) | 25 |
| 4.34 | പാലക്കാട് നഗരസഭ (പാലക്കാട് ജില്ല) | 26 |

| | | |
|---|---|---|
| 4.35 | പനയം ഗ്രാമപഞ്ചായത്ത് | 26 |
| 4.36 | ചെല്ലാനം ഗ്രാമപഞ്ചായത്ത് (എറണാകുളം ജില്ല) | 27 |
| 4.37 | വേങ്ങപ്പള്ളി ഗ്രാമപഞ്ചായത്ത് | 27 |
| 4.38 | പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 28 |
| 4.39 | ചെങ്ങന്നൂർ നഗരസഭ | 28 |
| 4.40 | എരുമപ്പെട്ടി ഗ്രാമപഞ്ചായത്ത് | 29 |
| 4.41 | പത്തനംതിട്ട ജില്ലാ കാർഷിക വിപണന സഹകരണ സംഘം | 30 |
| 4.42 | ചാവക്കാട് നഗരസഭ (തൃശ്ശൂർ ജില്ല) | 31 |
| 4.43 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 31 |
| 4.44 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 32 |
| 4.45 | നൂൽപ്പുഴ ഗ്രാമപഞ്ചായത്ത് (വയനാട് ജില്ല) | 33 |
| 4.46 | കോഴിക്കോട് ജില്ലാ പഞ്ചായത്ത് | 34 |
| 4.47 | വാടാനപ്പള്ളി ഗ്രാമപഞ്ചായത്ത് (തൃശ്ശൂർ ജില്ല) | 34 |
| 4.48 | കൊല്ലം കോർപ്പറേഷൻ | 35 |
| 4.49 | പോരൂർ ഗ്രാമപഞ്ചായത്ത് (മലപ്പുറം ജില്ല) | 35 |
| 4.50 | പത്തിയൂർ ഗ്രാമപഞ്ചായത്ത് | 36 |

No./90/2025/SRG/LSGD/CC(5)

## വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 22.10.2025-ന് നടന്ന യോഗത്തിന്റെ നടപടിവിവരം

യോഗം ഉച്ചകഴിഞ്ഞ് 2.30-ന് സെക്രട്ടേറിയറ്റ് അനക്സ് II വിലെ നവകൈരളി ഹാളിൽ ആരംഭിച്ചു. ബഹു. തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. യോഗത്തിൽ പങ്കെടുത്തവരുടെ പേരുവിവരം അനുബന്ധമായി ചേർക്കുന്നു. സാധാരണയായി കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിൽ ക്രമനമ്പർ ഒന്നായി അജണ്ടയിൽ ഉൾപ്പെടുത്താറുള്ള പദ്ധതി പുരോഗതി അവലോകനം ഇന്നത്തെ യോഗത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. ക്രമനമ്പർ രണ്ടായി ഉൾപ്പെടുത്തുന്ന മുൻ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച രണ്ട് വിഷയങ്ങളും ക്രമനമ്പർ മൂന്നായി ഉൾപ്പെടുത്തുന്ന പൊതുവിഷയം, നാലാമതായി ഉൾപ്പെടുത്തുന്ന പ്രത്യേക വിഷയം എന്നിവയാണ് ഇന്നത്തെ യോഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

### 2. വികേന്ദ്രീകൃതാസൂത്രണ കോഓർഡിനേഷൻ കമ്മിറ്റിയുടെ 27.03.2025, 15.09.2025 എന്നീ തീയതികളിൽ നടന്ന യോഗ തീരുമാനപ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ

### 2.1 വികേന്ദ്രീകൃതാസൂത്രണ കോഓർഡിനേഷൻ കമ്മിറ്റിയുടെ 27.03.2025-ൽ നടന്ന യോഗ തീരുമാനപ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയം

**ഖണ്ഡിക 4.6**

**Kerala Development and Innovation Strategic Council ( K- Disc)**

Kerala Development and Innovation Strategic Council മെമ്പർ സെക്രട്ടറിയുടെ 18.02.2025-ലെ 683/2025/K-DISC നമ്പർ കത്ത് (SRG/186/25)

വിഷയം:- ഒരു തദ്ദേശ സ്വയം ഭരണ സ്ഥാപനം ഒരാശയം എന്ന പദ്ധതിയിലൂടെ കണ്ടെത്തുന്ന നൂതനാശയങ്ങൾ ഉൾക്കൊള്ളുന്ന പ്രോജക്ടുകളുടെ അംഗീകാരം സംബന്ധിച്ച്

'ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനം ഒരാശയം' പദ്ധതിയിലൂടെ കണ്ടെത്തുന്ന നൂതനാശയങ്ങൾ സമയബന്ധിതമായി തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി താഴെപ്പറയുന്നവ കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്കായി നൽകിയിരിക്കുന്നു.

തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ ഇന്നൊവേഷൻ പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി സുസ്ഥിരമായ ഒരു സംവിധാനം ലക്ഷ്യമിട്ടുകൊണ്ട് 'ഒരു തദ്ദേശസ്വയംഭരണസ്ഥാപനം ഒരാശയം' (ഒ.എൽ.ഒ.ഐ) എന്ന പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. പതിനാലാം പഞ്ചവത്സര പദ്ധതിയിൽ നൂതനമായ ആശയങ്ങൾ, നവീന സാങ്കേതികവിദ്യകൾ, പുതിയ പ്രക്രിയകൾ, പുതിയ നിർവഹണ രീതികൾ, പുതിയ പങ്കാളിത്ത മാതൃകകൾ, പുതിയ മൂലധന നിക്ഷേപ രീതികൾ എന്നിവ അവലംബിച്ചു കൊണ്ടുള്ള നൂതന പ്രോജക്ടുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുക എന്നതാണ് ലക്ഷ്യം.

ഒരു തദ്ദേശസ്വയംഭരണ സ്ഥാപനം ഒരാശയം (OLOI) പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ 215 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തങ്ങളുടെ വികസനപ്രശ്നങ്ങൾ നൂതനാശയ രൂപീകരണ പ്രക്രിയയിലൂടെ പരിഹാരം തേടുന്നതിനായി 'സുലേഖ' ഓൺലൈൻ പോർട്ടൽ സംവിധാനത്തിലൂടെ സമർപ്പിച്ചിട്ടുണ്ട്. പൈലറ്റ് ഘട്ടത്തിലേയ്ക്ക് നൂറോളം തദ്ദേശഭരണ സ്ഥാപനങ്ങൾ ഒൻപത് വിഷയമേഖലകളിലായി സമർപ്പിച്ച പ്രോജക്ടുകൾ അതത് വിഷയ മേഖലയിലെ അക്കാദമിക/ഗവേഷണ സ്ഥാപനങ്ങളായ ഐ.ഐ.ടി ബോംബെ, കുഫോസ്, കേരള ശാസ്ത്ര സാങ്കേതിക സർവകലാശാല, ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ, ഡി.സി.എസ്. മാറ്റ് എന്നീ അക്കാദമിക ഗവേഷണ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി നൂതനാശയ രൂപീകരണ പ്രക്രിയ നടത്തി വിശദമായ പദ്ധതിരേഖകൾ തയ്യാറാക്കി അവ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ഇപ്രകാരം തയ്യാറാക്കിയവയിൽ താഴെപ്പറയുന്ന പ്രോജക്ടുകൾക്ക് കോഓർഡിനേഷൻ കമ്മിറ്റിയുടെ അംഗീകാരം സംബന്ധിച്ച്

| ക്രമ നം | പ്രോജക്റ്റിന്റെ പേര് | അടങ്കൽ തുക(രൂപ) |
|---|---|---|
| | ഇന്നോവേഷൻ കമ്മിറ്റി പദ്ധതി അംഗീകരിക്കുകയും കോഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതിക്കായി സമർപ്പിക്കാൻ നിർദ്ദേശിക്കുകയും ചെയ്തവ | |
| 1 | ഇളകമൺ പഞ്ചായത്തിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് ഐഐടി ബോംബെ തയ്യാറാക്കിയ 'ഷാഫ്റ്റ്' ടെക്നോളജി | 25.00 ലക്ഷം രൂപ |
| | വെറ്റിംഗ് പൂർത്തിയായി, ഇന്നൊവേഷൻ കമ്മിറ്റിയുടെ പരിഗണനയിലേക്ക് ശുപാർശ ചെയ്ത പ്രോജക്റ്റ്. | |
| 2 | ശാസ്ത്രീയമായി കക്ക ഇറച്ചി സംസ്കരിച്ച മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉണ്ടാക്കുന്നതിനും കയറ്റുമതി കൂട്ടുന്നതിനും ആയി കുഫോസ് മുന്നോട്ടുവച്ച മാതൃകയുടെ പദ്ധതി രേഖ. | 50.26 ലക്ഷം രൂപ |
| | ഡിപിസി പരിശോധിച്ചശേഷം വെറ്റിംഗിനായി വിഷയാടിസ്ഥാനത്തിൽ വിവിധ വെറ്റിങ് ഓഫീസർക്ക് സമർപ്പിച്ചിട്ടുള്ള പ്രോജക്റ്റ്. | |
| 3 | ശ്രീനാരായണപുരം ഗ്രാമപഞ്ചായത്ത് നേരിട്ടുവരുന്ന കഠിനമായ കുടിവെള്ള പ്രശ്നത്തിന്റെ അടിയന്തിര പരിഹാരമെന്നോണം ഒരു ഹൈ TDS റിവേഴ്സ് ഓസ്മോസിസ് പ്ലാന്റ് സ്ഥാപിച്ച് കുടിവെള്ളം വിതരണം ചെയ്യാനുള്ള വിശദാംശങ്ങളും, ദീർഘകാല പ്ലാൻ എന്ന നിലയിൽ അവിടുത്തെ അക്വിഫർ പഠിച്ച് 'നിയന്ത്രിത അക്വിഫർ റീചാർജിങ് നടപ്പിലാക്കാനുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ നിർദ്ദേശിച്ച കൊണ്ടുള്ള പദ്ധതി രേഖ | 12.96 ലക്ഷം |
| | 2025-26 ലെ പദ്ധതിയിൽ ഉൾപ്പെടുത്താൻ തദ്ദേശഭരണ സ്ഥാപനതല വികസന സെമിനാറിൽ അംഗീകാരം ലഭിച്ച പദ്ധതികൾ | |
| 4 | പൈവളികെ ഗ്രാമപഞ്ചായത്ത് കാലങ്ങളായി നേരിട്ട് വരുന്ന കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന്, 'ആസൂത്രിത മഴവെള്ള സംഭരണവും നിയന്ത്രിത അക്വിഫർ റീചാർജിംഗും' നടപ്പിലാക്കാനും തുടർച്ചയായ നിരീക്ഷണം നടത്തി വരുന്നതിനുമുള്ള പദ്ധതി രേഖ | 30 ലക്ഷം രൂപ |
| 5 | കുമരകം ഗ്രാമപഞ്ചായത്തിലെ ജലാശയങ്ങളിൽ നിന്നും നീക്കം ചെയ്യുന്ന ചെളി/എക്കൽ ഉപയോഗിച്ച് പാടശേഖരങ്ങളുടെ ചുറ്റും ബണ്ട് നിർമ്മിക്കുന്നതും ഇതുവഴി ബണ്ടുകൾ ബലപ്പെടുത്താനും ജലാശയങ്ങളുടെ ആഴം കൂട്ടുന്നതിനും പ്രളയം തടയുന്നതിനും - ബയോ ബണ്ട് മൂലേപ്പാടം പാടശേഖരത്തിന് ചുറ്റും നിർമ്മിക്കുന്നതിനുള്ള പദ്ധതി രേഖ | 2.99 കോടി രൂപ |

<u>27.03.2025-ലെ തീരുമാനം</u> :- K-Disc ന്റെ OLOI പദ്ധതി പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സമർപ്പിക്കുന്ന നവീനാശയങ്ങളടങ്ങിയ പ്രോജക്ടുകൾ പരിശോധിച്ച് വെറ്റ ചെയ്യുന്നതിന് ഒരു കമ്മിറ്റിയെ സംസ്ഥാന തലത്തിൽ രൂപീകരിക്കാൻ തീരുമാനിച്ചു. ഈ കമ്മിറ്റിയുടെ ഘടനയും പ്രവർത്തന രീതിയും സംബന്ധിച്ച് പ്രൊപ്പോസൽ നൽകാൻ സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പിനെ ചുമതലപ്പെടുത്തി. ഇതനുസരിച്ച് എസ്.ആർ.ജി. റിപ്പോർട്ട് നല്കി.

**<u>22.10.2025 ന നൽകിയ റിപ്പോർട്ട്:-</u>** എസ്.ആർ.ജി.യും K-Disc പ്രതിനിധികളുമായി 07.05.2025-ന് ഈ വിഷയം ചർച്ച ചെയ്തു. ഇതിന്റെ അടിസ്ഥനത്തിൽ K-Disc ന്റെ OLOI പദ്ധതിക്കായി സർക്കാരിന്റെ 17.08.2025-ലെ 76/2025/Plg & EA (DVPMT & INNOVATION) നമ്പർ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള ആശയ രൂപീകരണം, വിദഗ്ധ പരിശോധന, ഏജൻസി തെരഞ്ഞെടുപ്പ് മുതലായ പ്രക്രിയകൾ പൂർത്തിയാക്കി K-Disc മെമ്പർ സെക്രട്ടറി സാക്ഷ്യപ്പെടുത്തി നൽകുന്ന പ്രോജക്ടുകളുടെ വെറ്റിംഗ് /പരിശോധന നടത്തുന്നതിനായി താഴെപ്പറയുന്ന തരത്തിൽ സംസ്ഥാനതല കമ്മിറ്റി രൂപീകരിക്കാൻ തീരുമാനിക്കാവുന്നതാണ്.

| **OLOI പദ്ധതി പ്രകാരം K-Disc തയ്യാറാക്കി നൽകുന്ന പദ്ധതികൾ വെറ്റ ചെയ്യുന്നതിനുള്ള സംസ്ഥാനതല കമ്മിറ്റി** | | |
|---|---|---|
| i) | തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി | ചെയർപേഴ്സൺ |
| ii) | തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി I | അംഗം |
| iii) | തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ | അംഗം |
| iv) | തദ്ദേശസ്വയംഭരണ വകുപ്പ് റൂറൽ ഡയറക്ടർ | അംഗം |
| v) | തദ്ദേശസ്വയംഭരണ വകുപ്പ് അർബൻ ഡയറക്ടർ | അംഗം |
| vi) | പ്രോജക്ടുമായി ബന്ധപ്പെട്ട വകുപ്പിന്റെ മേധാവി | അംഗം |
| vii) | OLAI പദ്ധതി പ്രകാരം തയ്യാറാക്കുന്ന പ്രോജക്ടുകൾ ഉൾപ്പെടുന്ന മേഖലയിലെ ഒരു വിദഗ്ധൻ | അംഗം |
| viii) | ചീഫ്, സംസ്ഥാന ആസൂത്രണബോർഡ് ഡി.പി. ഡിവിഷൻ | കൺവീനർ |

തീരുമാനം:- K-Disc ന്റെ OLOI പദ്ധതിക്കായി സർക്കാരിന്റെ 17.08.2025-ലെ 76/2025/Plg & EA (DVPMT & INNOVATION) നമ്പർ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള ആശയ രൂപീകരണം, വിദഗ്ധ പരിശോധന, ഏജൻസി തെരഞ്ഞെടുപ്പ് മുതലായ പ്രക്രിയകൾ പൂർത്തിയാക്കി K-Disc മെമ്പർ സെക്രട്ടറി സാക്ഷ്യപ്പെടുത്തി നൽകുന്ന പ്രോജക്ടുകളുടെ വെറ്റിംഗ് /പരിശോധന നടത്തുന്നതിനായി താഴെപ്പറയുന്ന തരത്തിൽ സംസ്ഥാനതല കമ്മിറ്റി രൂപീകരിക്കാൻ തീരുമാനിച്ചു.


| **OLOI പദ്ധതി പ്രകാരം K-Disc തയ്യാറാക്കി നൽകുന്ന പദ്ധതികൾ വെറ്റ ചെയ്യുന്നതിനുള്ള സംസ്ഥാനതല കമ്മിറ്റി** | | |
|---|---|---|
| i) | തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി | ചെയർപേഴ്സൺ |
| ii) | തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി I | അംഗം |
| iii) | തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ | അംഗം |
| iv) | തദ്ദേശസ്വയംഭരണ വകുപ്പ് റൂറൽ ഡയറക്ടർ | അംഗം |
| v) | തദ്ദേശസ്വയംഭരണ വകുപ്പ് അർബൻ ഡയറക്ടർ | അംഗം |
| vi) | പ്രോജക്ടുമായി ബന്ധപ്പെട്ട വകുപ്പിന്റെ മേധാവി | അംഗം |
| vii) | OLAI പദ്ധതി പ്രകാരം തയ്യാറാക്കുന്ന പ്രോജക്ടുകൾ ഉൾപ്പെടുന്ന മേഖലയിലെ ഒരു വിദഗ്ധൻ | അംഗം |
| viii) | ചീഫ്, സംസ്ഥാന ആസൂത്രണബോർഡ് ഡി.പി. ഡിവിഷൻ | കൺവീനർ |


ഇപ്രകാരം രൂപീകരിക്കുന്ന സംസ്ഥാനതല കമ്മിറ്റിയുടെ അംഗീകാരമുള്ള പ്രോജക്ടുകൾ മറ്റു വെറ്റിംഗ് നടപടി കൂടാതെ നിർവ്വഹണം നടത്താവുന്നതാണ്. ഈ പ്രോജക്ടുകൾ ഭൗതികമായി പൂർത്തിയാക്കിയിട്ടുണ്ടെന്ന് തദ്ദേശഭരണ സ്ഥാപനത്തിലെ നിർവ്വഹണ ഉദ്യോഗസ്ഥൻ പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടതാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

## 2.2 കോഓർഡിനേഷൻ കമ്മിറ്റിയുടെ 15.09.2025-ൽ നടന്ന യോഗ തീരുമാനപ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയം

**2.2 ഖണ്ഡിക 4.11**

**<u>കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്ത്</u>**

കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 30.08.2025-ലെ കത്തും കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 08.08.2025-ലെ 1704/2025-ാം നമ്പർ കത്തും കോഓർഡിനേഷൻ കമ്മിറ്റിയുടെ 26.09.2019-ലെ യോഗ തീരുമാനവും അനുബന്ധരേഖകളും (SRG/784/25, -CC/452/25)

വിഷയം:- സംഗീതജ്ഞനായിരുന്ന ശ്രീ.രവീന്ദ്രൻ മാസ്റ്ററുടെ സ്മരണ നിലനിർത്തുന്നതിനായി കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്തിൽ രാഗസരോവരം എന്ന സ്മാരക കെട്ടിടം നിർമ്മിക്കുന്നത് സംബന്ധിച്ച്.

| | | |
|---|---|---|
| പ്രോ.നം. 183/26 | അടങ്കൽ | 50,00,000 രൂപ<br>(വികസനഫണ്ട് -ജനറൽ – 25,00,000 രൂപ<br>സംസ്ഥാന വിഹിതം – 25,00,000 രൂപ) |
| പേര് | രാഗസരോവരം രണ്ടാം ഘട്ടം | |

പ്രശസ്ത സംഗീതജ്ഞനായ ശ്രീ. രവീന്ദ്രൻമാസ്റ്ററുടെ സ്മരണ നിലനിർത്താൻ അദ്ദേഹത്തിന്റെ ജന്മനാടായ കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്തിൽ രാഗസരോവരം എന്ന സ്മാരക കെട്ടിടത്തിന്റെ നിർമ്മാണം 2009-10-ൽ ആരംഭിച്ചതാണ്. ഈ പ്രോജക്ടിന്റെ പ്രത്യേക സ്വഭാവം പരിഗണിച്ചും ശില്പവൈദഗ്ധ്യം പരിഗണിച്ചും ഇതിന്റെ നിർമ്മാണം 26.09.2019-ലെ കോഓർഡിനേഷൻ കമ്മിറ്റിയിൽ ശില്പിയും സിനിമാ സംവിധായകനുമായ ശ്രീ.രാജീവ് അഞ്ചലിനെ ഏൽപ്പിക്കാൻ അനുമതി നൽകിയിരുന്നു. ഇതിന്റെ നിർമ്മാണം 40 ശതമാനം മാത്രമാണ് പൂർത്തിയായിട്ടുള്ളത്. ഇതിന്റെ തുടർന്നുള്ള പ്രവർത്തനത്തിനും സൗന്ദര്യവൽക്കരണത്തിനുമായി ഈ വർഷം 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇനി പൂർത്തിയാക്കാനുള്ള പ്രവൃത്തികളും ശ്രീ.രാജീവ് അഞ്ചൽ മുഖേന നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. ഈ പ്രവൃത്തി ചെയ്യാമെന്ന് ശ്രീ.രാജീവ് അഞ്ചൽ സന്നദ്ധത അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഇതിന്റെ രണ്ടാംഘട്ട പ്രവൃത്തികളും ശ്രീ.രാജീവ് അഞ്ചൽ മുഖേന നടപ്പാക്കാൻ അനുമതി സംബന്ധിച്ച്

15.09.2025-ലെ തീരുമാനം :- പ്രവൃത്തിയുടെ പ്രത്യേക സ്വഭാവവും ശില്പ വൈദഗ്ധ്യവും പരിഗണിച്ച് നിർമ്മാണം ശ്രീ.രാജീവ് അഞ്ചലിനെ ഏല്പിക്കാമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ ശുപാർശയുടെ അടിസ്ഥാനത്തിലാണ് 26.09.2019-ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിൽ ആദ്യഘട്ട പ്രവർത്തനം ശ്രീ.രാജീവ് അഞ്ചലിനെ ഏൽപ്പിക്കാൻ അനുമതി നൽകിയത്. ഇത്രയും കാലതാമസമെടുത്തു എന്നതുകൂടി പരിഗണിച്ച് ഇത് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി. ഇതനുസരിച്ച് ചീഫ് എഞ്ചിനീയർ റിപ്പോർട്ട് നൽകി.

**<u>റിപ്പോർട്ട് :-</u>** കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്ത് 2009-10 വർഷം ശ്രീ.രവീന്ദ്രൻ മാസ്റ്റർ സ്മാരകം എന്ന പ്രവൃത്തിക്കായി 55 ലക്ഷം രൂപയുടെ ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിക്കുകയും സർക്കാരിന്റെ 11.08.2009 ലെ 33180/DA2/2009/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം ശ്രീ. രാജീവ് അഞ്ചൽ എന്ന ശില്പിയെ പ്രവൃത്തി നടപ്പാക്കുന്നതിനായി അനുമതി നൽകുകയും ചെയ്തിരുന്നു. പദ്ധതി ആരംഭിച്ചതിനുശേഷം രണ്ട് പ്രാവശ്യം റേറ്റ് റിവിഷൻ വന്നതിനാൽ നിലവിലെ റേറ്റിൽ പ്രവൃത്തി നടത്തുവാൻ ബുദ്ധിമുട്ടാണെന്ന് ശ്രീ.രാജീവ് അഞ്ചൽ അറിയിച്ചിരുന്നു. ഇക്കാരണത്താൽ ഏകദേശം 40 ശതമാനത്തോളം പൂർത്തീകരിച്ച പ്രവൃത്തിയുടെ തുടർ നിർമ്മാണം നടന്നില്ല. പദ്ധതി അപൂർണ്ണമായി നിലനിൽക്കുന്ന സാഹചര്യവുമുണ്ടായി.

എന്നാൽ 2018-19 വർഷം 40 ശതമാനം പൂർത്തീകരിച്ച പ്രവൃത്തി പുനരാരംഭിക്കുന്നതിന് 168/19 പ്രകാരം ആകെ 90 ലക്ഷം രൂപയുടെ പ്രോജക്ട് തയ്യാറാക്കി (തനത് ഫണ്ട് 40 ലക്ഷം രൂപയും വികസന ഫണ്ട് 10 ലക്ഷം രൂപയും ബഹു. മുൻ എം.എൻ.എ യും വനംവകുപ്പ് മന്ത്രിയുമായിരുന്ന അഡ്വ പി. രാജുവിന്റെ ആസ്തിവികസന ഫണ്ടിൽ നിന്നുള്ള 40 ലക്ഷം രൂപയും). പ്രസ്തുത പ്രവൃത്തിയുടെ പ്രത്യേക സ്വഭാവം പരിഗണിച്ചും ശില്പവൈദഗ്ധ്യം പരിഗണിച്ചും ശ്രീ. രാജീവ് അഞ്ചൽ മുഖാന്തിരം തുടർ നിർമ്മാണം നടത്തുവാൻ കോഓർഡിനേഷൻ കമ്മിറ്റിയുടെ 26.09.2019-ലെ യോഗം അനുമതി നൽകി. ഒന്നാംഘട്ടത്തിൽ സാങ്കേതികാനുമതി ലഭിച്ച് എഗ്രിമെന്റ് വച്ച എസ്റ്റിമേറ്റിന്റെ ഭാഗമായുള്ള എല്ലാ പ്രവൃത്തികളും 2023 ജൂലൈ മാസത്തിൽ പൂർത്തികരിച്ചിട്ടുണ്ട്.

സ്മാരകം പൂർത്തീകരിക്കാത്തതു സംബന്ധിച്ച് ശ്രീ.പുനലൂർ ജി.ശ്രീവിശാഖ്, ബഹു. കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ ഗോത്ര വർഗ്ഗ കമ്മീഷന് പരാതി നൽകിയ പ്രകാരം കമ്മീഷൻ സ്ഥല പരിശോധന നടത്തി. തുടർ നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കി പൊതു ജനങ്ങൾക്കായി സ്ഥാപനം തുറന്നു നൽകുന്ന രീതിയിൽ പ്രവർത്തനം ക്രമീകരിക്കുവാൻ ശ്രീ. മാവോജി IAS (Rtd) (പട്ടികജാതി പട്ടികവർഗ്ഗ കമ്മിഷൻ) 10-11-2023 ലെ സ്ഥല പരിശോധന വേളയിൽ നിർദ്ദേശിച്ചു.

ശില്പത്തിന്റെ സാങ്കേതികതയും ചാരുതയും നിലനിർത്തുന്ന രീതിയിൽ നിർമ്മാണം പൂർത്തീകരിക്കുന്നതിന് ശ്രീ.രാജീവ് അഞ്ചൽ മുഖാന്തിരം തന്നെ തുടർ നിർമ്മാണം

നടത്തുന്നതാണ് ഉചിതമെന്ന് ഗ്രാമപഞ്ചായത്ത് ഭരണസമിതിയും ബഹു. പുനലൂർ എം.എൽ.എ അടക്കമുള്ള എല്ലാവരും അഭിപ്രായപ്പെട്ടു. ശ്രീ.രാജീവ് അഞ്ചൽ ഈ പ്രവൃത്തിയുടെ ബെനിഫിഷ്യറി ആയി നിർമ്മാണം നടത്താൻ തയ്യാറാണെന്ന് അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് 2025-26 വർഷം 50.00 ലക്ഷം രൂപ വകയിരുത്തി പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. ഓപ്പൺ ഗാലറി, സന്ദർശകർക്കുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തൽ, ഇരുനില കെട്ടിടത്തിന്റെ ഉൾസ്ഥലത്ത് സ്മാരകത്തിന് ആവശ്യമായ സംവിധാനങ്ങൾ, ടോയിലറ്റ് എന്നിവയാണ് പ്രവൃത്തികൾ. കരാർ വ്യവസ്ഥയോടെ ശ്രീ. രാജീവ് അഞ്ചലിനെ പ്രവൃത്തി നേരിട്ടേൽപിക്കാൻ 08.05.2025-ലെ 3(1) -ാം നമ്പർ പ്രകാരം ഗ്രാമപഞ്ചായത്ത് ഭരണ സമിതി തീരുമാനമെടുത്തിട്ടുണ്ട്.

തീരുമാനം :- രാഗസരോവരം എന്ന സ്മാരക കെട്ടിടത്തിന്റെ മുൻ നിർമ്മാണങ്ങൾ (2 ഘട്ടവും) സർക്കാർ അനുമതിയോടെ ശ്രീ.രാജീവ് അഞ്ചൽ മുഖേനയാണ് നടത്തിയതെന്നതുകൂടി പരിഗണിച്ച് അവസാനഘട്ട നിർമ്മാണ ചുമതലയും ശ്രീ.രാജീവ് അഞ്ചലിനെ തന്നെ ഏൽപ്പിക്കുന്നതിനു അനുമതി നൽകി. നിർമ്മാണം എത്രയും വേഗം പൂർത്തീകരിക്കേണ്ടതാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പ് |

**3. പൊതുവിഷയം**

**3.1 പട്ടികജാതി – പട്ടികവർഗ്ഗ ഉപപദ്ധതി**

(i) പട്ടികജാതി ഉപപദ്ധതിക്കു (SCSP) വേണ്ടി ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്കായുള്ള പതിനാലാം പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖയിലെ താഴെപ്പറയുന്ന ഖണ്ഡികകളും (19.04.2022-ലെ 84/2022/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ് ഖണ്ഡിക 6.1.(2)ഉം മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും വേണ്ടിയുള്ള 19.04.2022 ലെ 86/2022/തസ്വഭവ നമ്പർ ഉത്തരവ് ഖണ്ഡികയും 6.1.(2)ഉം ഇനിപ്പറയും പ്രകാരം ഭേദഗതി ചെയ്യുന്നു.
"പട്ടികജാതി വിഭാഗക്കാരുടെ സാമ്പത്തിക വികസനം, സാമൂഹ്യ വികസനം, സാംസ്കാരിക മേഖലയിലെ വികസനം, പശ്ചാത്തല സൗകര്യ വികസനം എന്നിവ കൈവരിക്കുകയാകണം ഉപപദ്ധതിയുടെ ലക്ഷ്യം."

(ii) പട്ടികവർഗ്ഗ ഉപപദ്ധതിക്കു (TSP) വേണ്ടി ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്കായുള്ള പതിനാലാം പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖയിലെ താഴെപ്പറയുന്ന ഖണ്ഡികകളും (19.04.2022-ലെ 84/2022/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ് ഖണ്ഡിക 6.2(2)ഉം മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും വേണ്ടിയുള്ള പതിനാലാം പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖയിൽ (19.04.2022-ലെ 86/2022/തസ്വഭവ ഖണ്ഡിക 6.2(2)ഉം ഇനിപ്പറയും പ്രകാരം ഭേദഗതി ചെയ്യുന്നു.
"പട്ടികവർഗ്ഗ വിഭാഗക്കാരുടെ സാമ്പത്തിക വികസനം, സാമൂഹ്യ വികസനം, സാംസ്കാരിക മേഖലയിലെ വികസനം, പശ്ചാത്തല സൗകര്യ വികസനം എന്നിവ കൈവരിക്കുകയാകണം ഉപപദ്ധതിയുടെ ലക്ഷ്യം."

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

**4. പ്രത്യേക വിഷയം**

**4.1 കരവാരം ഗ്രാമപഞ്ചായത്ത് (തിരുവനന്തപുരം)**

കുമാരി വൈഗ ജയൻ, ഉമാഭവൻ, ഊളൻകുന്ന്, വഞ്ചിയൂർ പി.ഒ, ആലംകോട് എന്ന വിദ്യാർത്ഥി 14.12.2023-ന് ബഹു മുഖ്യമന്ത്രിക്ക് നൽകിയ കത്തും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 21.06.2025-ലെ LSGD/PD/15447/2025/DPLA3 നമ്പർ കത്തും അനുബന്ധരേഖകളും (SRG/888/25 -DA3/88/2025-LSGD)

വിഷയം:- ഗ്രാമപഞ്ചായത്തിൽ നിന്നും പഠനമുറി അനുവദിക്കുന്നതു സംബന്ധിച്ച്

കുമാരി വൈഗജയൻ, ഉമാഭവൻ, ഊളൻകുന്ന് എന്ന വിദ്യാർത്ഥി 6-ാം ക്ലാസ്സിൽ പഠിക്കുകയാണ്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുടുംബമാണ്. ഈ കുട്ടി അടങ്ങുന്ന കുടുംബം ഓടിട്ട വീട്ടിലാണ് താമസിക്കുന്നത്. വീടിന്റെ മേൽക്കൂരയുടെ തടി നശിച്ചതാണ്. 21 വർഷം മുമ്പ് ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച 35,000 രൂപ ഉപയോഗിച്ച് നിർമ്മിച്ച വീടാണ്. കുമാരി വൈഗക്ക് പഠനമുറി നിർമ്മിച്ചു നൽകാൻ അപേക്ഷിക്കുകയും ഗുണഭോക്തൃ ലിസ്റ്റിൽ 2023-24 വർഷം ഒന്നാമതായി ഉൾപ്പെടുകയും ചെയ്തിരുന്നു. എന്നാൽ നിലവിലെ വീട് ഓടിട്ടതായതിനാൽ വീടിനോട് ചേർന്ന് പഠനമുറി നിർമ്മിച്ചു നൽകാൻ കഴിയില്ല എന്നും വീട്ടിൽ നിന്നുമാറി നിർമ്മിക്കാവുന്ന സാഹചര്യമാണുള്ളതെന്നും അറിയിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് വിവിധ റിപ്പോർട്ടുകൾ സർക്കാരിന് ലഭിച്ചിട്ടുണ്ട്. ഈ വിദ്യാർത്ഥിക്ക് പഠനമുറി നിർമ്മിച്ചു നൽകുന്നത് സംബന്ധിച്ച്.

തീരുമാനം :- ഈ കുടുംബം ഗുണഭോക്തൃ ലിസ്റ്റിൽ ഒന്നാമതായിരുന്നു എന്നതും ഈ കുടുംബത്തിന്റെ നിലവിലെ വീടിന്റെ പ്രത്യേക സാഹചര്യം പരിഗണിച്ചും നിലവിലെ വീടിന്റെ ഭിത്തിയോടു ചേർന്നോ അനുയോജ്യമായ മറ്റു രീതിയിലോ ഗ്രാമപഞ്ചായത്ത് വിഹിതം ഉപയോഗിച്ച് പഠനമുറി നിർമ്മിച്ചു നൽകാൻ അനുമതി നൽകുന്നു. ഇതിന് യാതൊരുവിധ കാലതാമസവും ഉണ്ടാകരുതെന്ന് നിർദ്ദേശിക്കുന്നു. അതോടൊപ്പം വീട് അറ്റകുറ്റപ്പണിക്ക് ധനസഹായം നൽകുന്ന കാര്യവും പരിഗണിക്കാവുന്നതാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

**4.2 ആരോഗ്യ വകുപ്പ്**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 08.08.2025-ലെ HFW - N2/511/2024/Health നമ്പർ കത്തും കോഓർഡിനേഷൻ കമ്മിറ്റിയുടെ 06.06.2024-ലെ 4.11-ാം നമ്പർ തീരുമാനവും BSNL ചീഫ് ജനറൽ മാനേജരുടെ 08.10.2025-ലെ KRLCO-11(12)13/02/2020-CGMT നമ്പർ കത്തും അനുബന്ധരേഖകളും (SRG/785/25 - LSGD/FM3/92/2024/LSGD)

വിഷയം:- ഇ-ഹെൽത്ത് കണക്ടിവിറ്റിയുടെ ആവർത്തന ചെലവ് നൽകുന്നതു സംബന്ധിച്ച്.

കോഓർഡിനേഷൻ കമ്മിറ്റിയുടെ 06.06.2024-ലെ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിലുള്ള 27.06.2024-ലെ 1145/2024/LSGD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള പൊതുജനാരോഗ്യ സ്ഥാപനങ്ങളിൽ ഇ- ഹെൽത്ത് കണക്ടിവിറ്റിയുടെ (പ്രൈമറി & സെക്കന്ററി) ആവർത്തന ചെലവ് ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകാം. ഓരോ തദ്ദേശഭരണ സ്ഥാപനങ്ങളും കണക്ടിവിറ്റി ചാർജ്ജ് പ്രത്യേകം പ്രത്യേകമായി നൽകുന്ന രീതിയാണുള്ളത്. ഏതെങ്കിലും തദ്ദേശഭരണ സ്ഥാപനത്തിന്റെ ഭാഗത്ത് മുടക്കം വന്നാൽ കണക്ടിവിറ്റിയെ ആകെ ബാധിക്കുന്നുണ്ട്. ഇത് പരിഹരിക്കുന്നതിന് കണക്ടിവിറ്റി ചാർജ്ജ് കേന്ദ്രീകൃതമായ രീതിയിൽ നൽകണമെന്ന് കമ്പനികൾ ആവശ്യപ്പെടുന്നുണ്ട്. അതിനാൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ബഡ്ജറ്റ് പ്രകാരമുള്ള വിഹിതത്തിന്റെ സോഴ്സിൽ നിന്നു തന്നെ കുറവ് ചെയ്ത് കണക്ടിവിറ്റി ചാർജ്ജ് മുടക്കം കൂടാതെ കേന്ദ്രീകൃതമായി നൽകാൻ നടപടി സ്വീകരിക്കണമെന്നതു സംബന്ധിച്ച്.

പ്രധാന സർവ്വീസ് പ്രൊവൈഡർ BSNL ആണ്. BSNL ആണ് ആരോഗ്യ വകുപ്പിന് കീഴിൽ 451 ആശുപത്രികളിലും 12 മെഡിക്കൽ കോളേജുകളിലും കണക്ഷൻ നൽകിയിരിക്കുന്നത്. BSNL ന് തുക നൽകാനുള്ള സ്ഥാപനങ്ങളുടെ വിശദമായ വിവരം നൽകിയിട്ടുണ്ട്. ഇതനുസരിച്ച് 01.10.2024 മുതൽ 31.03.2025 വരെ 2,58,30,233 രൂപയും 01.04.2025 മുതൽ 30.09.2025 വരെ 2,55,11,857 രൂപയും നൽകാനുണ്ട്. കൂടാതെ 01.10.2025 മുതൽ 31.03.2026 വരെ 2,55,11,857 രൂപ നൽകണം. ആകെ 7,68,53,947 രൂപ. 01.10.2024 മുതൽ ഇ-ഹെൽത്ത് കേരള BSNL ന് ബിൽ തുക നൽകുന്നില്ല. കുടിശ്ശിക തുകയും ഭാവിയിലെ തുകയും കേന്ദ്രീകൃത രീതിയിൽ നൽകണമെന്നതാണ് BSNL ന്റെ ആവശ്യം.

തീരുമാനം :- 1) കണക്ടിവിറ്റിക്ക് തടസ്സമുണ്ടാകാതിരിക്കാൻ കേന്ദ്രീകൃത രീതിയിൽ തുക നൽകുന്നതിന് ക്രമീകരണമുണ്ടാക്കാൻ തീരുമാനിച്ചു. എന്നാൽ സോഴ്സിൽ നിന്ന് (ധനവകുപ്പിൽ നിന്ന്) കുറവ് ചെയ്യുന്നത് പ്രായോഗികമായി ബുദ്ധിമുട്ടാണ് എന്ന് യോഗം വിലയിരുത്തി. അതിനാൽ ഇനി പറയുന്ന രീതി സ്വീകരിക്കാൻ നിർദ്ദേശിക്കുന്നു.

2) BSNL അധികാരികൾ അറിയിച്ചതനുസരിച്ച് ഓരോ മാസവും ഫിക്സഡ് നിരക്കാണ്. അതിനാൽ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾ ഓരോ അർദ്ധ വാർഷികം/വർഷത്തെ തുക ഇ-ഹെൽത്ത് കേരള ഡയറക്ടർക്ക് മുൻകൂട്ടി നൽകണം. 06.06.2024-ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിൽ നിർദ്ദേശിച്ചതുപോലെ ഇതിനായി തനത് ഫണ്ട്, വികസനഫണ്ട് (ജനറൽ), നോൺറോഡ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിക്കാവുന്നതാണ്. ആരോഗ്യ സ്ഥാപനങ്ങളിലെ സേവനങ്ങൾക്ക് മുടക്കം വരാൻ പാടില്ല എന്നതിനാൽ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും കൃത്യമായി ഈ തുക നൽകണമെന്നും ഇതിനായി പ്രോജക്ട് ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വാർഷിക പദ്ധതി അംഗീകാര സമയത്ത് ജില്ലാ ആസൂത്രണസമിതി ഉറപ്പ് വരുത്തണമെന്നും നിർദ്ദേശിക്കുന്നു. ഒരു തദ്ദേശഭരണ സ്ഥാപനം ഒരു വർഷം ഇപ്രകാരം അടക്കേണ്ട തുക എത്രയാണെന്ന് സർവ്വീസ് പ്രൊവൈഡർമാരിൽ നിന്ന് ശേഖരിച്ച് ഓരോ തദ്ദേശഭരണ സ്ഥാപനത്തേയും/ആശുപത്രികളെയും അറിയിക്കാൻ ഇ-ഹെൽത്ത് കേരള ഡയറക്ടറെ ചുമതലപ്പെടുത്തുന്നു. BSNL അടക്കമുള്ള സർവ്വീസ് പ്രൊവൈഡർമാർ ഓരോ സ്ഥാപനത്തിന്റെയും ബിൽ ഇ-ഹെൽത്ത് ഡയറക്ടർക്ക് നൽകുന്നതിനോടൊപ്പം ഓരോ തദ്ദേശഭരണ സ്ഥാപനത്തിനും നൽകണം. കേന്ദ്രീകൃതമായ രീതിയിൽ ബിൽ തുക നൽകുന്നതിനുള്ള ഈ രീതി നടപ്പാക്കാൻ ഇ-ഹെൽത്ത് ഡയറക്ടർ നടപടി സ്വീകരിക്കണം.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) ഡയറക്ടർ, ഇ- ഹെൽത്ത് കേരള<br>2)തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ് |

**4.3 പരപ്പനങ്ങാടി നഗരസഭ**

മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 18.03.2025-ലെ കത്ത് (SRG/298/25 - CC/103/2025)

വിഷയം:- ഫർണിച്ചർ വാങ്ങിയതിന്റെ ബിൽ തുക നൽകുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം. 679/25 | അടങ്കൽ | 1,50,000 രൂപ |
| | | (തനത്ഫണ്ട്) |
| *പേര്* | നഗരസഭാ ഓഫീസിലേയ്ക്ക് ഫർണിച്ചർ വാങ്ങൽ | |

പരപ്പനങ്ങാടി നഗരസഭ 2021-22 വർഷം ഓഫീസ് ആവശ്യത്തിനായി ARTCO LTD നിന്ന് ഫർണിച്ചർ വാങ്ങിയിരുന്നു. ബിൽ രജിസ്റ്ററിൽ ചേർക്കുന്നതിൽ പിശക് സംഭവിച്ചതിനാൽ താമസിച്ചാണ് ട്രഷറിയിൽ നൽകിയത്. ഇത് ക്യൂ ബിൽ ആയി മാറിയതിനാൽ തുക നൽകാൻ കഴിഞ്ഞില്ല. ഈ തുക തനത് ഫണ്ടിൽ നിന്നും നൽകാൻ 2024-25 വർഷം പ്രോജക്ട് എടുത്തിരുന്നു. 2025-26 വർഷം സ്പിൽഓവറായി തുടരുന്നു. ബിൽ തുക 1.50 ലക്ഷം രൂപയാണ്. ഈ തുക നൽകാൻ അനുമതി സംബന്ധിച്ച്.

തീരുമാനം :- ഇത്തരം കാലതാമസം ഭാവിയിൽ ഒഴിവാക്കേണ്ടതാണെന്ന് കർശന നിർദ്ദേശത്തോടെ അനുമതി നൽകുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ് |

**4.4 മരട് നഗരസഭ**

എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 23.05.2025-ലെ കത്തുകളും (രണ്ടെണ്ണം) മരട് നഗരസഭാ സെക്രട്ടറിയുടെ 16.05.2025-ലെ G2/953577/25-ാം നമ്പർ കത്തും മരട് നഗരസഭാ കൗൺസിലിന്റെ 09.05.2025-ലെ 1-ാം നമ്പർ തീരുമാനവും (SRG/496/25 - CC/252/2025)

വിഷയം:– ആശാവർക്കർമാർക്ക് നഗരസഭയിൽ നിന്ന് അധിക തുക വേതനമായി നൽകുന്നതിന് അനുമതി സംബന്ധിച്ച്

ആശാവർക്കർമാർക്ക് ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്ന ഓണറേറിയത്തിനോടൊപ്പം നഗരസഭയിൽ നിന്ന് അധികമായി പ്രതിമാസം 3000 രൂപ വീതം നല്കാൻ ജി.ഒ പ്രോജക്ട് തയ്യാറാക്കുന്നതിന് അനുമതി സംബന്ധിച്ച്.

തീരുമാനം :– ആശാവർക്കർമാരെ നിയമിച്ചിരിക്കുന്നത് തദ്ദേശഭരണ സ്ഥാപനങ്ങളല്ല. ആവശ്യം നിരസിച്ചു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ് |

**4.5 <u>കരിമ്പുഴ ഗ്രാമപഞ്ചായത്ത്</u>**

കരിമ്പുഴ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ കത്ത് (ലഭിച്ചത് 08.05.2025) (SRG/385/25)

വിഷയം:– ആശാവർക്കർക്ക് അധിക ഓണറേറിയം നൽകാൻ അനുമതി സംബന്ധിച്ച്

ഗ്രാമപഞ്ചായത്തിന്റെ വികസന ഫണ്ടിൽ നിന്നോ തനത് ഫണ്ടിൽ നിന്നോ ആശാവർക്കർമാർക്ക് പ്രതിമാസം 2000 രൂപ വീതം അധിക ഓണറേറിയം നൽകാൻ അനുമതി സംബന്ധിച്ച്.

തീരുമാനം :– ആശാവർക്കർമാരെ നിയമിച്ചിരിക്കുന്നത് തദ്ദേശഭരണ സ്ഥാപനങ്ങളല്ല. ആവശ്യം നിരസിച്ചു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

**4.6 <u>ദി കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡ്</u>**

കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ചെയർമാന്റെ 30.05.2025 –ലെ KAICO/Ho/TECH/526/2025–2026/31–ാം നമ്പർ കത്തും സർക്കാരിന്റെ 07.05.2025–ലെ DA1/383/2022/തസ്വഭവ നമ്പർ കത്തും കോഓർഡിനേഷൻ കമ്മിറ്റിയുടെ 19.12.2022–ലെ 4.29, 30.01.2025–ലെ 4.29–ാം നമ്പർ എന്നീ തീരുമാനങ്ങളും (SRG/457/25)

വിഷയം:– കുടിവെള്ള ശുദ്ധീകരണം – പരിപാലനം ഇവ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് KAICO യെ നേരിട്ട് ഏൽപ്പിക്കാൻ അനുമതി സംബന്ധിച്ച്

കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ (KAICO) കുടിവെള്ള ശുദ്ധീകരണ പ്രവൃത്തികൾ നടത്തുന്നുണ്ട്. സ്കൂളുകൾ, അങ്കണവാടികൾ എന്നിവിടങ്ങളിൽ വാട്ടർ പ്യൂരിഫയറുകൾ സ്ഥാപിക്കൽ, കോളേജുകൾ, തദ്ദേശഭരണ സ്ഥാപനങ്ങൾ, ആശുപത്രികൾ എന്നിവിടങ്ങളിൽ വാട്ടർ ATM, വാട്ടർ കിയോസ്കുകൾ, വാട്ടർ ഫിൽറ്റർ പ്ലാന്റുകൾ, വാട്ടർ ഡിസ്പെൻസറുകൾ, വിവിധ ശ്രേണിയിലുള്ള RO പ്ലാന്റുകൾ, ഗ്രാമപഞ്ചായത്തുകളിൽ കുടിവെള്ള ശുദ്ധീകരണ പ്ലാന്റുകൾ, വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റുകൾ എന്നിവ സ്ഥാപിക്കുന്നുണ്ട്. KAICO യുടെ RO പ്ലാന്റുകളുടെ ഗുണനിലവാരം സംബന്ധിച്ച് തൃശ്ശൂർ എഞ്ചിനീയറിംഗ് കോളേജിലെ കെമിക്കൽ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ 14.02.2023–ലെ CHEGECT/2023–ാം നമ്പറായുള്ള സർട്ടിഫിക്കറ്റ് പ്രകാരം KAICO യുടെ RO പ്ലാന്റുകൾ ഗുണനിലവാരമുള്ളതാണ്. മുകളിൽ പറഞ്ഞ സ്ഥാപനങ്ങൾക്ക് ടെണ്ടർ കൂടാതെ KAICO യെ പ്രവൃത്തി നേരിട്ട് ഏൽപ്പിക്കാൻ അനുമതി നൽകണമെന്ന ആവശ്യം കോഓർഡിനേഷൻ കമ്മിറ്റിയുടെ 30.01.2025–ലെ യോഗത്തിൽ പരിഗണിക്കുകയും ആവശ്യം സ്റ്റോർ പർച്ചേസ് വകുപ്പിന്റെ പരിഗണനയ്ക്ക് നൽകാൻ കോഓർഡിനേഷൻ കമ്മിറ്റി യോഗം നിർദ്ദേശിക്കുകയും ചെയ്തിരുന്നു.

എന്നാൽ കുടിവെള്ള ശുദ്ധീകരണം – വിതരണം – പരിപാലനം തുടങ്ങിയ പ്രവൃത്തികളുടെ നിർവ്വഹണം സംബന്ധിച്ച വിഷയം സ്റ്റോർ പർച്ചേസ് മാന്വലിന്റെ പരിധിയിൽ വരാത്തിനാൽ ആ വകുപ്പിന് അഭിപ്രായം ഒന്നും രേഖപ്പെടുത്തുവാൻ ഇല്ലെന്ന് സർക്കാർ കത്തിലൂടെ അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനെ മുകളിൽ പ്രതിപാദിച്ച കുടിവെള്ള ശുദ്ധീകരണ പ്രവൃത്തികൾ ടെണ്ടർ

നടപടികൾ കൂടാതെ നേരിട്ട് ഏൽപ്പിക്കാൻ/വാങ്ങാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്

തീരുമാനം :- മുകളിൽ പറഞ്ഞവ KAICO യുടെ പ്രവർത്തന മേഖലയുമായി ബന്ധപ്പെട്ടതല്ലെന്ന് യോഗം വിലയിരുത്തി. തദ്ദേശഭരണ സ്ഥാപനങ്ങൾക്കും ഘടക സ്ഥാപനങ്ങൾക്കും ടെണ്ടർ നടപടി കൂടാതെ മുകളിൽ പറഞ്ഞവ KAICO മുഖേന സ്ഥാപിക്കാനുള്ള അനുമതി നൽകണമെന്ന ആവശ്യം നിരസിച്ചു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

**4.7 കൊടകര ഗ്രാമപഞ്ചായത്ത് (തൃശ്ശൂർ ജില്ല)**

കൊടകര ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 24.06.2025 -ലെ കത്തും കൊടകര ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 01.08.2025-ലെ SC3-1797/2025-ാം നമ്പർ കത്തും അനുബന്ധമായി ചേർത്തിരിക്കുന്ന ക്ലബ്ബുകളുടെ വിവരങ്ങളും (SRG/558/25)

വിഷയം:- യുവജനക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് നൽകുന്നതു സംബന്ധിച്ച്

പതിനാലാം പഞ്ചവൽസര പദ്ധതി സബ്സിഡി-ധനസഹായ മാർഗ്ഗരേഖ പ്രകാരം രജിസ്റ്റേർഡ് യുവജനക്ലബ്ബുകൾക്ക് ഒരു ക്ലബ്ബിന് പരമാവധി 6000 രൂപയുടെ സ്പോർട്സ് ഉപകരണങ്ങൾ നൽകാം. കഴിഞ്ഞ വർഷം സ്പോർട്സ് കിറ്റ് നൽകുന്നതിന് തനത് ഫണ്ടിൽ നിന്ന് 4.00 ലക്ഷം രൂപ വകയിരുത്തി പ്രോജക്ട് എടുത്തിരുന്നു. (പ്രോ.നം.128/25). ഓരോ ക്ലബ്ബിനും നൽകിയ ഉപകരണങ്ങളുടെ ആകെ വില മാർഗ്ഗരേഖയിൽ പരാമർശിച്ചതിനെക്കാൾ അധികരിച്ചിട്ടുണ്ട്. 30 ക്ലബ്ബുകൾക്ക് ആകെ നൽകാവുന്നത് 1,80,000 രൂപയാണ്. എന്നാൽ 3,32,701 രൂപയുടെ കിറ്റ് (GST ഉൾപ്പെടാതെ) നൽകി. 1,52,701 രൂപ അധികമായി വന്നു. GST അടക്കം 1,93,567 രൂപ. ഈ തുക നൽകാൻ അനുമതി സംബന്ധിച്ച്.

തീരുമാനം :- ആവശ്യം നിരസിച്ചു. ക്ലബ്ബ് വിഹിതം, സംഭാവന എന്നിവയിലൂടെ തുക കണ്ടെത്തി ബിൽ തുക നൽകാൻ നിർദ്ദേശിക്കുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

**4.8 മൂന്നാർ ഗ്രാമപഞ്ചായത്ത്**

ഇടുക്കി ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 17.06.2025-ലെ കത്ത് (SRG/563/25 – CC/310/25)

വിഷയം:- പട്ടികജാതി വിഭാഗത്തിൽപ്പെട്ട വയോജനങ്ങൾക്ക് മെത്ത നൽകുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം.202/26 | അടങ്കൽ | 42,12,000 രൂപ |
| | | (എസ്.സി.പി – 42,11,000 രൂപ തനത് ഫണ്ട് – 1000 രൂപ ) |
| *പേര്* | വയോജനങ്ങൾക്ക് മെത്ത | |

മൂന്നാർ ഗ്രാമപഞ്ചായത്തിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 2100 വയോജനങ്ങൾക്ക് ഈ വർഷം മെത്ത നൽകുന്നതിന് പ്രോജക്ട് എടുത്തിട്ടുണ്ട്. ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്. കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ മുഖേനയാണ് മെത്ത വാങ്ങാനുദ്ദേശിക്കുന്നതെന്ന് അറിയിച്ചിട്ടുണ്ട്.

തീരുമാനം :- മൂന്നാർ ഗ്രാമപഞ്ചായത്തിൽ ആകെ എത്ര പട്ടികജാതി കുടുംബങ്ങളുണ്ട്, ജനസംഖ്യ എത്രയാണ്, അതിൽ 60 വയസ്സ കഴിഞ്ഞ അർഹതയുള്ള വയോജനങ്ങൾ എത്രയുണ്ട് എന്നീ വിവരങ്ങൾ സഹിതം ശുപാർശ വീണ്ടും നൽകാൻ നിർദ്ദേശിക്കുന്നു. ഈ വിവരങ്ങൾ നൽകുന്ന മുറയ്ക്ക് പരിഗണിക്കുന്നതാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

**4.9 പാലമേൽ ഗ്രാമപഞ്ചായത്ത്**

ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 25.06.2025-ലെ കത്തും പാലമേൽ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 12.06.2025-ലെ 4(II)-ാം നമ്പർ തീരുമാനവും (SRG/599/25 - CC/330/25)

വിഷയം:- വന്യമൃഗങ്ങളിൽ നിന്ന് കൃഷിയെ സംരക്ഷിക്കുന്നതിന് ഫെൻസിംഗ് നിർമ്മിക്കാൻ അനുമതി സംബന്ധിച്ച്.

| | | |
|---|---|---|
| പ്രോ.നം.233/26 | അടങ്കൽ | 20,00,000 രൂപ<br>(തനത് ഫണ്ട് - 10,00,000 രൂപ)<br>(ഗുണഭോക്തൃ വിഹിതം - 10,00,000 രൂപ) |
| പേര് | വന്യമൃഗശല്യം പരിഹരിക്കുന്നതിന് വയർ ഫെൻസിംഗ് | |

വന്യമൃഗങ്ങളിൽ നിന്ന് കൃഷി സംരക്ഷിക്കുന്നതിന് വയർ ഫെൻസിംഗ് നടത്താൻ ഗ്രാമപഞ്ചായത്ത് പ്രോജക്ട് എടുത്തിട്ടുണ്ട്. കൃഷി ഭൂമിയുടെ അതിർത്തിയിൽ കോൺക്രീറ്റ് അടിത്തറ സ്ഥാപിച്ച് അതിന്മേൽ ഇടവിട്ട് സ്ഥാപിക്കുന്ന ജി ഐ പൈപ്പിൽ ലോഹനിർമ്മിത വേലികെട്ടാനാണ് പദ്ധതി. ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

തീരുമാനം :- പദ്ധതി- സബ്സിഡി ധനസഹായ മാർഗ്ഗരേഖ (28.05.2022 ലെ 115/2022/തസ്വഭവ) ഖണ്ഡിക 6.1(39) പ്രകാരമുള്ള ഇനങ്ങൾക്ക് മാത്രമേ സബ്സിഡി നൽകാവൂ എന്നറിയിക്കുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

**4.10 മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത്**

ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 21.06.2025-ലെ കത്തും മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 01.08.2025-ലെ PL - 26/2025 -ാം നമ്പർ കത്തും (SRG/ 596/25 - CC/317/25).

വിഷയം:- സംസ്ഥാനതല സ്കൂൾ പ്രവേശനോത്സവം നടത്തിയതിന്റെ ഭാഗമായി വന്ന ചെലവിന് സാധൂകരണം നൽകണമെന്നു സംബന്ധിച്ച്

പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഈ വർഷത്തെ സംസ്ഥാനതല പ്രവേശനോത്സവം ജൂൺ 2-ാം തീയതി കലവൂർ ഹയർ സെക്കന്ററി സ്കൂളിൽ വച്ച് നടന്നിരുന്നു. ബഹു.മുഖ്യമന്ത്രിയാണ് പരിപാടി ഉത്ഘാടനം ചെയ്തത്. സ്വാഗത സംഘത്തിന്റെ നിർദ്ദേശമനുസരിച്ച് കലവൂർ എൽ.പി. സ്കൂളിൽ പഠിക്കുന്ന LKG, UKG, 1-ാം ക്ലാസ്സ് വിദ്യാർത്ഥികളായ 300 കുട്ടികൾക്ക് സ്കൂൾ ബാഗ്, കസേര, വാട്ടർബോട്ടിൽ എന്നിവ വാങ്ങി. താഴെപ്പറയുന്നവയാണ് ചെലവ്.

| ക്രമ നം | ഇനം | ചെലവ് (രൂപ) |
|---|---|---|
| 1 | ബാഗ്, വാട്ടർ ബോട്ടിൽ | 1,52,999 രൂപ |
| 2 | ബേബി ചെയർ | 71,000 രൂപ |
| 3 | ഫ്ലക്സ് ബോർഡ് | 8,500 രൂപ |
| | **ആകെ** | **2,32,999 രൂപ** |

തനത് ഫണ്ടിൽ നിന്ന് ഈ തുക ചെലവഴിച്ചതിന് സാധൂകരണം നൽകണമെന്നു സംബന്ധിച്ച്.

| | |
|---|---|
| തീരുമാനം– | ബഹു.മുഖ്യമന്ത്രി പങ്കെടുത്ത പരിപാടിയാണ് എന്നതു പരിഗണിച്ച് ഒരു പ്രാവശ്യത്തേയ്ക്ക് മാത്രമായി പ്രത്യേക അനുമതി നൽകുന്നു. |

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

### 4.11 വെള്ളിയാമറ്റം ഗ്രാമപഞ്ചായത്ത്

ഇടുക്കി ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 28.06.2025-ലെ കത്തും വെള്ളിയാമറ്റം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 09.05.2025-ലെ 1(2)-ാം നമ്പർ തീരുമാനവും (SRG/ 607/25 – CC/258/25)

വിഷയം:- അങ്കണവാടികളിലും കിന്റർ ഗാർട്ടനുകളിലും പച്ചക്കറിത്തോട്ടം സജീകരിക്കുന്നതു സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം. 42/26 | അടങ്കൽ | 48,000 രൂപ (വികസന ഫണ്ട് – ജനറൽ) |
| *പേര്* | കൃഷി അങ്കണം – അങ്കണവാടികളിൽ | |

വെള്ളിയാമറ്റം ഗ്രാമപഞ്ചായത്തിൽ 22 അങ്കണവാടികളും 2 കിന്റർഗാർട്ടനുകളുമുണ്ട്. ഈ സ്ഥാപനങ്ങളിൽ കാർഷിക കർമ്മസേന മുഖേന 10 HDPE/മൺചട്ടികളിൽ പോട്ടിംഗ് മിശ്രിതം, ജൈവവളം എന്നിവ നിറച്ച് പച്ചക്കറിതൈകൾ നട്ട് പച്ചക്കറിത്തോട്ടം സജ്ജീകരിക്കാനാണ് പ്രോജക്ട്. അങ്കണവാടികളിൽ കൃഷിത്തോട്ടം പ്രോത്സാഹിപ്പിക്കണമെന്ന് കൃഷി വകുപ്പ് നിർദ്ദേശം നൽകിയിട്ടുണ്ട്. ഒരു യൂണിറ്റിന് 2000 രൂപയാണ് ചെലവ്. 100 ശതമാനം സബ്സിഡിയോടെ ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

2023-24 വർഷം ഇതേ രീതിയിൽ സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ പച്ചക്കറി കൃഷിത്തോട്ടം സജ്ജീകരിച്ചിരുന്നു.

| | |
|---|---|
| തീരുമാനം:- | അങ്കണവാടികളിലും 2 പ്രീസ്കൂളുകളിലും 100 ശതമാനം സബ്സിഡിയോടെ പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകുന്നു. ഈ കിന്റർ ഗാർട്ടനുകൾ ഇപ്പോൾ മോഡൽ പ്രീ സ്കൂൾ എന്ന് പുനർ നാമകരണം ചെയ്തിട്ടുണ്ട്. ഇവ ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ളതാണ്. |

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

### 4.12 കണ്ണൂർ ജില്ലാ പഞ്ചായത്ത്

കണ്ണൂർ ജില്ലാപ്ലാനിംഗ് ഓഫീസറുടെ 30.06.2025 ലെ കത്തും കണ്ണൂർ ജില്ലാപഞ്ചായത്ത് സെക്രട്ടറിയുടെ 06.06.2025-ലെ 2082332/2025-ാം നമ്പർ കത്തും കണ്ണൂർ ജില്ലാ പട്ടികജാതി വികസന ഓഫീസറുടെ 25.01.2025-ലെ കത്തും (SRG/ 610/25 – CC/299/25)

വിഷയം:- പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ ആവശ്യത്തിനായി സാംസ്കാരിക നിലയം നിർമ്മിക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം കൈമാറുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം. 37/26 | അടങ്കൽ | 76,92,798 രൂപ (എസ്.സി.പി) |
| *പേര്* | പട്ടികജാതി സാംസ്കാരിക നിലയം നിർമ്മാണം ഗ്രാമപഞ്ചായത്തുകൾക്ക് ധനസഹായം | |

പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് സാംസ്കാരിക നിലയം നിർമ്മിക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് ധനസഹായം നൽകാൻ 2022-23, 2023-24, 2024-25 വർഷം ജില്ലാ പഞ്ചായത്ത് പ്രോജക്ട് എടുത്തിരുന്നു. പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് സാംസ്കാരിക നിലയം നിർമ്മിക്കുന്നതിന് പ്രോജക്ട് ഏറ്റെടുക്കാൻ വ്യക്തതയോടെ മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടില്ല. ഇത് ചൂണ്ടിക്കാട്ടി 2022-23, 2023-24, വർഷങ്ങളിൽ സാംസ്കാരിക നിലയം നിർമ്മിക്കുന്നതിന് ജില്ലാ പഞ്ചായത്തിൽ നിന്ന് ഗ്രാമപഞ്ചായത്തിന് വിഹിതം കൈമാറിയതിന് ഓഡിറ്റ് കുറിപ്പുണ്ട്. ഇപ്രകാരം ഓഡിറ്റ് കുറിപ്പ് വന്നതിനാൽ സാംസ്കാരിക നിലയം നിർമ്മിക്കുന്നതിന് ഗ്രാമപഞ്ചായത്തിന് വിഹിതം കൈമാറാനായി 2024-25 വർഷം തയ്യാറാക്കിയ പ്രോജക്ട് (പ്രോ.നം.702/25 അടങ്കൽ 60.00 ലക്ഷം രൂപ എസ്.സി.പി വിഹിതം) ഒഴിവാക്കി. എന്നാൽ ഗ്രാമപഞ്ചായത്തുകൾ ജില്ല പഞ്ചായത്ത് വിഹിതം പ്രതീക്ഷിച്ച് പ്രോജക്ട് നടപ്പാക്കി ജില്ലാ പഞ്ചായത്തിനോട് ഗ്രാമപഞ്ചായത്ത് വിഹിതം ആവശ്യപ്പെട്ടു. ഇതനുസരിച്ച് ജില്ലാ പഞ്ചായത്ത് വീണ്ടും 2024-25-ൽ പ്രോജക്ട് തയ്യാറാക്കി ഏതാനും ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകി. ഇപ്രകാരം 2024-25-ൽ വിഹിതം നൽകിയതിനും 2022-23, 2023-24 വർഷം വിഹിതം നൽകിയതിനും സാധൂകരണം നൽകാനും 2025-26-ൽ പ്രോജക്ട് നടപ്പാക്കാനും അനുമതി സംബന്ധിച്ച്.

തീരുമാനം-

1) 2022-23, 2023-24 വർഷം ഓഡിറ്റ് കുറിപ്പ് ഉള്ളതിനാൽ ഈ വർഷങ്ങളിൽ തുക ചെലവഴിച്ചതിന് സാധൂകരണം സംബന്ധിച്ച് വകുപ്പുതലത്തിൽ പരിഗണനയ്ക്ക് നൽകാൻ നിർദ്ദേശിക്കുന്നു.
2) ജില്ലാ പഞ്ചായത്ത് 2024-25 വർഷം തയ്യാറാക്കിയ പ്രോജക്ടിൽ നിന്ന് വിഹിതം പ്രതീക്ഷിച്ച് ഗ്രാമപഞ്ചായത്ത് പ്രോജക്ട് നടപ്പാക്കിയ സാഹചര്യത്തിലാണ് 2024-2025 ൽ വിഹിതം നൽകിയത് എന്നതിനാൽ സാധൂകരണം നൽകുന്നു. ഒപ്പം 2025-26 വർഷം ഗ്രാമപഞ്ചായത്തിന് തുക നൽകുന്നതിന് അനുമതി നൽകുന്നു. 2025-26 വർഷം പ്രോജകട് നടപ്പാക്കുമ്പോൾ സാംസ്കാരിക നിലയത്തിന് (എസ്.സി.പി വിഹിതമായതിനാൽ) ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ഉണ്ട് എന്നുറപ്പാക്കേണ്ടതാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

**4.13 ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത്**

കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 30.06.2025-ലെ കത്ത്. (SRG/611/25 - CC/216/25)

വിഷയം:- PMAY ഗുണഭോക്താക്കൾക്ക് പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്ന് നൽകേണ്ട വിഹിതം ലഭിക്കാത്തതിനാൽ ബ്ലോക്ക്/ ഗ്രാമപഞ്ചായത്തിൽ നിന്നും വിഹിതം നൽകാൻ അനുമതി സംബന്ധിച്ച്

ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്തിൽ PMAY(G) 2021-22 ഭവന നിർമ്മാണ പദ്ധതിയിലെ ST നഗർ കാറ്റഗറിയിൽ ഉൾപ്പെട്ട താഴെപ്പറയുന്ന 11 ഗുണഭോക്താക്കൾക്ക് പട്ടികവർഗ്ഗ വകുപ്പിന്റെ 1.00 ലക്ഷം രൂപ (ആകെ 11.00 ലക്ഷം രൂപ) ലഭിച്ചില്ല. അതിനാൽ ബ്ലോക്ക്, ഗ്രാമപഞ്ചായത്തുകളുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു ഗുണഭോക്താവിന് ഒരു ലക്ഷം രൂപ വീതം നൽകുന്നതിന് അനുമതി സംബന്ധിച്ച്.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | ഐ.ഡി | വിഭാഗം | ഗ്രാമപഞ്ചായത്തിന്റെ പേര് |
|---|---|---|---|---|
| 1 | ചെറിയ കണ്ണൻ | KL149705245 | ST നഗർ | പയ്യാവൂർ |
| 2 | ജനാർദ്ധനൻ.എം | KL146760017 | ST നഗർ | ഉളിക്കൽ |
| 3 | മോഹനൻ ചീരങ്ങോട് | KL148944754 | ST നഗർ | പടിയൂർ കല്യാട് |

| | | | | |
|---|---|---|---|---|
| 4 | സാവിത്രി | KL151517442 | ST നഗർ | പടിയൂർ കല്യാട് |
| 5 | പാഞ്ചാലി | KL148656719 | ST നഗർ | എരുവശ്ശി |
| 6 | രാഗിണി | KL148762346 | ST നഗർ | പയ്യാവൂർ |
| 7 | ഓമന | KL150038421 | ST നഗർ | ഉളിക്കൽ |
| 8 | അമ്മിണി നാരായണൻ | KL147687504 | ST നഗർ | ഉളിക്കൽ |
| 9 | ബാലൻ തലച്ചിറക്കാരി | KL148325074 | ST നഗർ | പടിയൂർ കല്യാട് |
| 10 | നിർമ്മല ബാബു | KL148662013 | ST നഗർ | എരുവശ്ശി |
| 11 | ദാമോദരൻ എ | KL147819267 | ST നഗർ | എരുവശ്ശി |

തീരുമാനം :- പട്ടികവർഗ്ഗ വികസന വകുപ്പ് നൽകേണ്ട വിഹിതം പട്ടികവർഗ്ഗ വികസന വകുപ്പതന്നെ നൽകണമെന്ന് യോഗം നിരീക്ഷിച്ചു. അടുത്ത യോഗത്തിൽ തന്നെ പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ ഇതു സംബന്ധിച്ച് റിപ്പോർട്ട് നൽകേണ്ടതാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്<br>2)തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ് |

## 4.14 വർക്കല ബ്ലോക്ക് പഞ്ചായത്ത്

തിരുവനന്തപുരം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 05.07.2025, 03.07.2025 എന്നീ തീയതികളിലെ കത്തുകളും വർക്കല ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 02.03.2025-ലെ 5(1)-ാം നമ്പർ തീരുമാനവും (SRG/ 625/25 – CC/192/25).

വിഷയം:- വർക്കല ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള ഇടവ ഗ്രാമപഞ്ചായത്തിലെ പാറയിൽ അങ്കണവാടി കെട്ടിടത്തിന്റെ ബിൽ തുക നൽകുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം. 135/25 | അടങ്കൽ | 7,63,048 രൂപ (സി.എഫ്.സി. ബേസിക് ഗ്രാന്റ്) |
| *പേര്* | 48-ാം നമ്പർ പാറയിൽ അങ്കണവാടി കെട്ടിട നിർമ്മാണം ഇടവ ഗ്രാമപഞ്ചായത്ത് | |

വർക്കല ബ്ലോക്ക് പഞ്ചായത്ത് 2023-24-ൽ ഇടവ ഗ്രാമപഞ്ചായത്തിലെ പാറയിൽ അങ്കണവാടി കെട്ടിട നിർമ്മാണത്തിന് 25.00 ലക്ഷം രൂപ (സി.എഫ്.സി ബേസിക് ഗ്രാന്റ്) വകയിരുത്തി പ്രോജക്ട് എടുത്തിരുന്നു. ഇതിൽ 17,36,950 രൂപ ചെലവഴിച്ചു. ഫോക്കസ് ഏരിയയിൽ വ്യത്യാസം വന്നതിനാൽ ബാക്കി തുക നൽകാൻ കഴിഞ്ഞില്ല. ഈ പ്രോജക്ട് ഇ-ഗ്രാംസ്വരാജ് പോർട്ടലിൽ പൂർത്തീകരിച്ചതായി രേഖപ്പെടുത്തി. ബാക്കി തുക കോൺട്രാക്ടർക്ക് നൽകുന്നതിന് സേവിംഗ്സ് ആയി വന്ന തുക ഉപയോഗിച്ച് പുതിയ പ്രോജക്ട് എടുത്തുവെങ്കിലും ഭരണാനുമതി അപ് ലോഡ് ചെയ്യാൻ കഴിയാത്തതിനാൽ ബിൽ തുക നൽകാൻ സാധിക്കുന്നില്ല. ഈ വിഷയം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് നൽകിയെങ്കിലും പിശക പരിഹരിക്കാൻ കഴിയില്ലെന്ന് അറിയിച്ചിട്ടുണ്ട്. അതിനാൽ 2025-26 വർഷം തനത് ഫണ്ട് വകയിരുത്തി പുതിയ പ്രോജക്ട് എടുക്കുന്നതിന് അനുമതി സംബന്ധിച്ച്.

തീരുമാനം :-
1) അനുവദനീയമായ ബാക്കി തുക തനത് ഫണ്ടിൽ നിന്നും നൽകാൻ അനുമതി നൽകുന്നു.
2) ഇതിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥന്റെ പേരിൽ നടപടി സ്വീകരിച്ച് അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറെ ചുമതലപ്പെടുത്തി.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്<br>2) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ് |

**4.15 തിരുവനന്തപുരം ജില്ലാ പഞ്ചായത്ത്**

തിരുവനന്തപുരം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 05.07.2025, 03.07.2025 എന്നീ തീയതികളിലെ കത്തുകളും തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 21.01.2025-ലെ 5(5)-ാം നമ്പർ തീരുമാനവും_(SRG/ 623/25 – CC/224/25).

വിഷയം:- ആയൂർ സാന്ത്വനം-ആയുർവേദ പാലിയേറ്റീവ് പരിചരണ പദ്ധതിയിൽ വിവിധതരത്തിലുള്ളവരെ നിയമിക്കുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം. 435/25 | അടങ്കൽ | 75,00,000 രൂപ (വികസനഫണ്ട് – ജനറൽ) |
| *പേര്* | ആയൂർ സാന്ത്വനം- ആയുർവേദ പാലിയേറ്റീവ് പരിചരണ പദ്ധതി ബ്ലോക്ക് തലത്തിൽ | |

തിരുവനന്തപുരം ജില്ലാപഞ്ചായത്ത് കിടപ്പുരോഗികൾക്ക് ആയുർവേദ പരിചരണം നൽകുക, കിടപ്പുരോഗികൾക്ക് മെച്ചപ്പെട്ട ജീവിത നിലവാരം ഉറപ്പാക്കുക, ഇവർക്ക് സൗജന്യ ചികിത്സ നൽകുക എന്നീ ലക്ഷ്യത്തോടെയാണ് മുകളിൽ പറഞ്ഞ പ്രോജക്ട് എടുത്തിരിക്കുന്നത്. ജില്ലയിലെ ബ്ലോക്കുകളെ 5 യൂണിറ്റാക്കി ഓരോ യൂണിറ്റിലും ഓരോ മെഡിക്കൽ ഓഫീസർ, പാലിയേറ്റീവ് നേഴ്സ്, മൾട്ടിപർപ്പസ് വർക്കർ (തെറാപ്പിസ്റ്റ്) ജില്ലയ്ക്കാകെ ഒരു ഡേറ്റാ എൻട്രി ഓപ്പറേറ്റർ എന്നീ രീതിയിൽ നിയമിക്കുന്നു. കിടപ്പുരോഗികൾക്ക് അത്യാവശ്യം വേണ്ട ഔഷധങ്ങൾ ലഭ്യമാക്കുന്നതോടൊപ്പം ആയുർവേദ പരിചരണം ആവശ്യമുള്ളവരെ ഗ്രാമപഞ്ചായത്ത് പാലിയേറ്റീവ് നേഴ്സ് മുഖാന്തിരം കണ്ടെത്തി ആയുർവേദ പാലിയേറ്റീവ് പരിചരണവും നൽകുന്നു. ജില്ലക്കാകെ താഴെപറയുന്ന രീതിയിലാണ് നിയമനം നടത്തുന്നത്.

| ക്രമനം | തസ്തിക | എണ്ണം | യോഗ്യത |
|---|---|---|---|
| 1 | മെഡിക്കൽ ഓഫീസർ | 5 | ആയുർവേദ BAMS ഡിഗ്രി, TCMC അംഗീകാരം പ്രായപരിധി – 40 |
| 2 | നേഴ്സ് | 5 | BSC നേഴ്സിംഗ് /GNM (ഒരു വർഷത്തെ പരിചയം പ്രായപരിധി – 40) |
| 3 | മൾട്ടി പർപ്പസ് വർക്കർ | 5 | DAME ആയുർവേദ തെറാപ്പിസ്റ്റ് കോഴ്സ് പ്രായപരിധി – 40 |
| 4 | ഡേറ്റാ എൻട്രി ഓപ്പറേറ്റർ | 1 | SSLC, DCA/PGDCA പ്രായപരിധി – 40 |

ആയുർവേദ പാലിയേറ്റീവ് പരിചരണത്തിനായി മുകളിൽ പറഞ്ഞ പ്രകാരം നിയമനം നടത്തി വേതനം നൽകാൻ അനുമതി സംബന്ധിച്ച്.

തീരുമാനം :-

1) അലോപ്പതി, ആയുർവേദം, ഹോമിയോ ശാഖകൾ സംയോജിപ്പിച്ചുകൊണ്ടുള്ള പരിചരണ രീതിയാണ് നടപ്പാക്കേണ്ടത്. മുൻ കോഓർഡിനേഷൻ കമ്മിറ്റികളിലും ഇത് വ്യക്തമാക്കിയിട്ടുള്ളതാണ്. ഇതിനു സമാന്തരമായി ജില്ലാ പഞ്ചായത്ത് പ്രത്യേകമായി ഇപ്രകാരം ആയുർവേദ പാലിയേറ്റീവ് പ്രവർത്തനം നടത്തിയത് വീഴ്ചയാണ്. ഇതിൽ യോഗം അതൃപ്തി രേഖപ്പെടുത്തി.
2) കഴിഞ്ഞ വർഷം നടപ്പാക്കിയ പ്രോജക്ടിന് സാധൂകരണം നൽകുന്നു.
3) 2025-26 മുതൽ ഇതേ രീതിയിൽ പ്രോജക്ട് നടപ്പാക്കേണ്ടതില്ല എന്ന് നിർദ്ദേശിക്കുന്നു. എന്നാൽ ഗ്രാമപഞ്ചായത്തുകൾ നടപ്പാക്കുന്ന പാലിയേറ്റീവ് പരിചരണ പരിപാടി കൂടുതൽ മെച്ചപ്പെടുത്താൻ ജില്ലാ പഞ്ചായത്ത് വിഹിതം ഗ്രാമപഞ്ചായത്തിന് കൈമാറാവുന്നതാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (പി.പി) വകുപ്പ് |

**4.16 ഏലംകുളം ഗ്രാമപഞ്ചായത്ത്**

മലപ്പുറം ജില്ലാപ്ലാനിംഗ് ഓഫീസറുടെ 04.07.2025-ലെ കത്തും ഏലംകുളം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 15.03.2025-ലെ 2(4)-ാം നമ്പർ തീരുമാനവും (SRG/ 620/25 – CC/264/25).

വിഷയം:- ചെറുകിട ജലസേചന വകുപ്പിന്റെ ഉടമസ്ഥതയിലുള്ള റോഡ് പുനരുദ്ധാരണം സംബന്ധിച്ച്.

| | | |
|---|---|---|
| പ്രോ.നം. 85/25 | അടങ്കൽ | 2,00,000 രൂപ (സി.എഫ്.സി. ബേസിക് ഗ്രാന്റ്) |
| *പേര്* | ചേനാപറമ്പ് കുന്നകാവ് ഹെസ്കൂൾപടി റോഡ് കനാൽ റോഡ് നിർമ്മാണം | |

ചെറുകിട ജലസേചന വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ചേനാപറമ്പ് കുന്നക്കാവ് ഹൈസ്കൂൾ റോഡ് കനാൽ റോഡ് പുനരുദ്ധാരണത്തിന് 2024-25 വർഷമെടുത്ത പ്രോജക്ട് ഈ വർഷം സ്പിൽഓവറായി തുടരുന്നുണ്ട്. പുനരുദ്ധാരണ പ്രവൃത്തി നടത്താൻ ഇറിഗേഷൻ വകുപ്പ് 05.03.2025-ന് NOC നൽകിയിട്ടുണ്ട്. ഇതനുസരിച്ച് ഈ റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

തീരുമാനം :- ഇറിഗേഷൻ വകുപ്പ് NOC നൽകിയ സാഹചര്യത്തിൽ അനുമതി നൽകുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ് |

**4.17 ചുങ്കത്തറ ഗ്രാമപഞ്ചായത്ത്**

മലപ്പുറം ജില്ലാപ്ലാനിംഗ് ഓഫീസറുടെ 04.07.2025-ലെ കത്ത് (SRG/ 619/25 – CC/229/25).

വിഷയം:- ആശാവർക്കർമാർക്ക് അധിക വേതനം നൽകാൻ അനുമതി സംബന്ധിച്ച്

ചുങ്കത്തറ ഗ്രാമപഞ്ചായത്തിലെ 29 ആശാവർക്കർമാർക്ക് ഗ്രാമപഞ്ചായത്ത് തനത് ഫണ്ടിൽ നിന്ന് അധികമായി പ്രതിമാസം 2000 രൂപ വീതം നൽകാൻ അനുമതി സംബന്ധിച്ച്.

തീരുമാനം :- ആശാവർക്കർമാരെ നിയമിച്ചിരിക്കുന്നത് തദ്ദേശഭരണ സ്ഥാപനങ്ങളല്ല. ആവശ്യം നിരസിച്ചു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

**4.18 മറയൂർ ഗ്രാമപഞ്ചായത്ത്**

ഇടുക്കി ജില്ലാപ്ലാനിംഗ് ഓഫീസറുടെ 03.07.2025-ലെ കത്തും മറയൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 30.06.2025-ലെ കത്തും അനുബന്ധരേഖകളും (SRG/617/25 – CC/327/25)

വിഷയം:- വയോജനങ്ങൾക്ക് ബെഡ് വാങ്ങി നൽകുന്നതിനുള്ള പ്രോജക്ടിന് അനുമതി സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം. 75/25 | അടങ്കൽ | 18,00,000 രൂപ (വികസനഫണ്ട് – ജനറൽ) |
| *പേര്* | വയോജനങ്ങൾക്ക് ബെഡ് | |

മറയൂർ ഗ്രാമപഞ്ചായത്തിൽ ആകെ 440 ബെഡ് വാങ്ങി നൽകാൻ ഉദ്ദേശിക്കുന്നു. പൊതു വിഭാഗത്തിൽപ്പെട്ടവർ 176, പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ 132, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ 132 എന്നീ രീതിയിലാണ് ബെഡ് വാങ്ങി നൽകുന്നത്.

മുൻവർഷങ്ങളിൽ കട്ടിൽ നൽകാത്തവരെയാണ് ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

തീരുമാനം :- 14.11.2023-ലെ കോഓർഡിനേഷൻ കമ്മിറ്റിയിൽ പരമാവധി 2000 രൂപ വിലയുള്ള ബെഡ് വയോജനങ്ങൾക്ക് വാങ്ങി നൽകാൻ ദേവികുളം ഗ്രാമപഞ്ചായത്തിന് അനുമതി നൽകിയിരുന്നു. Gem പോർട്ടൽ മുഖേനയോ, കയർ ഫെഡ്, ഫോംമാറ്റിംഗ്സ് ഇന്ത്യ തുടങ്ങിയ സർക്കാർ സ്ഥാപനത്തിൽ നിന്നോ ആണ് വാങ്ങേണ്ടതെന്നും നിർദ്ദേശിച്ചിരുന്നു. ഈ വിലയ്ക്ക് വാങ്ങാൻ കഴിയുന്ന ബെഡ്ഡിന്റെ സ്പെസിഫിക്കേഷൻ നിശ്ചയിച്ച് നൽകാൻ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി. ചീഫ് എഞ്ചിനീയറുടെ റിപ്പോർട്ട് ലഭിച്ചതിനുശേഷം പരിഗണിക്കുന്ന താണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്<br>2) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

## 4.19 ഇടവെട്ടി ഗ്രാമപഞ്ചായത്ത്

ഇടുക്കി ജില്ലാപ്ലാനിംഗ് ഓഫീസറുടെ 03.07.2025-ലെ കത്തും അനുബന്ധരേഖകളും (SRG/616/25 – CC/287/25)

വിഷയം:- ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിൽപ്പെടാത്ത പ്രദേശത്ത് ഓട നിർമ്മിക്കുന്നതു സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം. 153/26 | അടങ്കൽ | 2,90,000 രൂപ (സി.എഫ്.സി. റ്റൈഡ് ഗ്രാന്റ് ) |
| *പേര്* | വാർഡ് – 4 ആർപ്പാമറ്റം പാങ്ങാംപാറ ഓട നിർമ്മാണം | |

ഇടവെട്ടി ഗ്രാമപഞ്ചായത്തിൽ 1-ാം വാർഡിൽ ആർപ്പാമറ്റം പാങ്ങാംപാറ ഭാഗത്ത് ഓട നിർമ്മിക്കുന്നതിന് ഈ വർഷം പ്രോജക്ട് എടുത്തിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിൽപ്പെടാത്ത ഈ സ്ഥലത്ത് മഴക്കാലത്ത് വെള്ളം കെട്ടിക്കിടക്കും. ഇത് പ്രദേശവാസികൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നു. സമീപത്തുള്ള PWD റോഡ് ഉയർന്ന സ്ഥലമായതിനാൽ റോഡിലേയ്ക്ക് ഓടനിർമ്മാണം സാധ്യമല്ല. രണ്ട് സ്വകാര്യ വ്യക്തികളുടെയും മജ് ലിസുന്നൂരിവൽ അബ്രാർ ചാരിറ്റബിൾ ട്രസ്റ്റിന്റെ സ്ഥലത്തിന്റേയും നടുവിലൂടെ 21 മീറ്ററോളം നീളത്തിൽ ഓട നിർമ്മിക്കാനാണ് 2.9 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നത്. ഈ ഓടയിൽ നിന്നും വരുന്ന വെള്ളം മറ്റൊരു സ്വകാര്യ വ്യക്തിയുടെ സ്ഥലത്തേയ്ക്കാണ് പോകുന്നത്. അവിടെ 35 മീറ്റർ ഓട നിർമ്മിച്ചാൽ ഗ്രാമപഞ്ചായത്തിന്റെ കോൺക്രീറ്റ് റോഡിലെത്തിക്കാം. റോഡിൽ 59 മീറ്റർ ഓട നിർമ്മിച്ചാൽ നിലവിലുള്ള നീർച്ചാലിൽ എത്തിക്കാം. ഇത്രയും പ്രവൃത്തിക്ക് ആകെ 12.00 ലക്ഷം രൂപ വേണ്ടി വരുമെന്ന് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി മുകളിൽ പറഞ്ഞ 21 മീറ്റർ ഓട നിർമ്മിക്കാനുള്ള പ്രോജക്ടിന് അനുമതി സംബന്ധിച്ച്.

തീരുമാനം :- സ്വകാര്യ വ്യക്തിയുടെയും ട്രസ്റ്റിന്റെയും സ്ഥലത്തുകൂടി ഓട നിർമ്മിക്കുന്നതിന്റെ ആവശ്യകത പരിശോധിച്ച് റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കുന്നതാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്<br>2) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ് |

## 4.20 പത്തനാപുരം ബ്ലോക്ക് പഞ്ചായത്ത്

പത്തനാപുരം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 01.08.2025-ലെ കത്തും പത്തനാപുരം ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 30.07.2025-ലെ 1(2)-ാം നമ്പർ തീരുമാനവും (SRG/707/25)

വിഷയം:- തലവൂർ ഗ്രാമപഞ്ചായത്തിൽ തലവൂർ ഡി.വി.എച്ച്.എസ്. സ്കൂളിൽ ഓപ്പൺ ഓഡിറ്റോറിയം നിർമ്മിക്കുന്നത് സംബന്ധിച്ച്

പത്തനാപുരം ബ്ലോക്ക് പഞ്ചായത്തിൽ തലവൂർ ഗ്രാമപഞ്ചായത്തിലെ തലവൂർ ദേവസ്വത്തിന്റെ ഉടമസ്ഥതയിലുള്ള തലവൂർ ദേവി വിലാസം ഹൈസ്കൂളിൽ ഓപ്പൺ ഓഡിറ്റോറിയം നിർമ്മിക്കുന്നതിന് പ്രോജക്ട് എടുത്തിട്ടുണ്ട് (പ്രോ.നം.91/25 – അടങ്കൽ 10.00 ലക്ഷം രൂപ, വികസനഫണ്ട് – ജനറൽ). ഈ വർഷം ഇത് സ്പിൽഓവറായി തുടരുന്നു. ഇത് എയ്ഡഡ് സ്കൂളാണ്. ഈ സ്കൂളിൽ 1400 കുട്ടികൾ പഠിക്കുന്നുണ്ട്. ബ്ലോക്ക് പഞ്ചായത്ത് വഹിതം ഉപയോഗിച്ച് ഈ സ്കൂളിൽ ഓപ്പൺ ഓഡിറ്റോറിയം നിർമ്മിക്കാൻ അനുമതി സംബന്ധിച്ച്.

തീരുമാനം :- ആവശ്യം നിരസിച്ചു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ് |

**4.21 ഐക്കരനാട് ഗ്രാമപഞ്ചായത്ത്**

എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 27.06.2025-ലെ കത്തും അനുബന്ധരേഖകളും (SRG/605/25 – CC/232/25)

വിഷയം:- ഐക്കരനാട് ഗ്രാമപഞ്ചായത്തിലെ യോഗ്യരായ ഗുണഭോക്താക്കൾക്ക് LPG സബ്സിഡി നൽകുന്നതിന് അനുമതി സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം. 144/26 | അടങ്കൽ | 43,00,000 രൂപ (തനത് ഫണ്ട്) |
| പേര് | പാചക വാതക ഗാർഹിക ഉപഭോക്താക്കൾക്ക് സബ്സിഡി | |

ഐക്കരനാട് ഗ്രാമപഞ്ചായത്തിലെ യോഗ്യരായ LPG ഉപഭോക്താക്കൾക്ക് രണ്ട് മാസത്തിലൊരിക്കൽ ഒരു സിലിണ്ടറിന് 25 ശതമാനം സബ്സിഡി നൽകാൻ ഈ വർഷം പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

തീരുമാനം :- സംസ്ഥാന സർക്കാരിന്റെ പൊതു വികസന കാഴ്ചപ്പാടിന്റേയും വികേന്ദ്രീകൃതാസൂത്രണ പ്രക്രിയയുടെയും അന്തഃസത്ത ഉൾക്കൊണ്ടാണ് ഓരോ പഞ്ചവൽസര പദ്ധതിക്കാലത്ത് സംസ്ഥാനത്തെ മുഴുവൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്കുമായി പദ്ധതി ആസൂത്രണ- സബ്സിഡി മാർഗ്ഗരേഖ തയ്യാറാക്കി സർക്കാർ ഉത്തരവായി പുറപ്പെടുവിക്കുന്നത്. ഇതിൽ പ്രതിപാദിക്കാത്തതും ഗ്രാമപഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്തതുമായ ഇത്തരം പ്രോജക്ടുകൾ ഗ്രാമപഞ്ചായത്ത് ഏറ്റെടുക്കുന്നത് ഉചിതമല്ല. ആവശ്യം നിരസിച്ചു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

**4.22 ഐക്കരനാട് ഗ്രാമപഞ്ചായത്ത്**

എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 27.06.2025-ലെ കത്തും ഐക്കരനാട് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 28.04.2025 -ലെ 2(1) -ാം നമ്പർ തീരുമാനവും (SRG/654/25 – CC/233/25)

വിഷയം:- ഗാർഹിക വൈദ്യുതി ഉപഭോക്താക്കൾക്ക് വൈദ്യുതി സബ്സിഡി നൽകുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം. 154/26 | അടങ്കൽ | 43,00,000 രൂപ (തനത് ഫണ്ട്) |
| പേര് | ഗാർഹിക വൈദ്യുതി ഉപഭോക്താക്കൾക്ക് സബ്സിഡി | |

ഐക്കരനാട് ഗ്രാമപഞ്ചായത്തിലെ 300 യൂണിറ്റിൽ താഴെ ദ്വൈമാസ ഉപയോഗമുള്ള ഗാർഹിക ഉപഭോക്താക്കൾക്ക് വൈദ്യുതി ബില്ലിന്റെ 25% സബ്സിഡി നൽകാനുള്ള പ്രോജക്ടിന് അനുമതി സംബന്ധിച്ച്.

തീരുമാനം :- സംസ്ഥാന സർക്കാരിന്റെ പൊതു വികസന കാഴ്ചപ്പാടിന്റേയും വികേന്ദ്രീകൃതാസൂത്രണ പ്രക്രിയയുടെയും അന്തഃസത്ത ഉൾകൊണ്ടാണ് ഓരോ പഞ്ചവൽസര പദ്ധതിക്കാലത്ത് സംസ്ഥാനത്തെ മുഴുവൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്കുമായി പദ്ധതി ആസൂത്രണ- സബ്സിഡി മാർഗ്ഗരേഖ തയ്യാറാക്കി സർക്കാർ ഉത്തരവായി പുറപ്പെടുവിക്കുന്നത്. ഇതിൽ പ്രതിപാദിക്കാത്തതും ഗ്രാമപഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്തതുമായ ഇത്തരം പ്രോജക്ടുകൾ ഗ്രാമപഞ്ചായത്ത് ഏറ്റെടുക്കുന്നത് ഉചിതമല്ല. ആവശ്യം നിരസിച്ചു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

**4.23 ഐക്കരനാട് ഗ്രാമപഞ്ചായത്ത്**

എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 27.06.2025-ലെ കത്തും ഐക്കരനാട് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 28.04.2025 -ലെ 2(1) -ാം നമ്പർ തീരുമാനവും (SRG/653/25 – CC/237/25)

വിഷയം:- കൊതുക നശീകരണത്തിനായി മോസ്കിറ്റോ ബാറ്റ് വാങ്ങി നൽകുന്നതിന് അനുമതി സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം. 132/26 | അടങ്കൽ | 12,00,000 രൂപ (തനത് ഫണ്ട്) |
| പേര് | കൊതുക നശീകരണ ബാറ്റ് വിതരണം | |

കൊതുക നശീകരണത്തിന്റെ ഭാഗമായി ഗ്രാമപഞ്ചായത്ത് നിവാസികൾക്ക് മോസ്കിറ്റോ ബാറ്റ് വാങ്ങി നൽകാൻ അനുമതി സംബന്ധിച്ച്.

തീരുമാനം :-

1) സംസ്ഥാന സർക്കാരിന്റെ പൊതു വികസന കാഴ്ചപ്പാടിന്റേയും വികേന്ദ്രീകൃതാസൂത്രണ പ്രക്രിയയുടെയും അന്തഃസത്ത ഉൾകൊണ്ടാണ് ഓരോ പഞ്ചവൽസര പദ്ധതിക്കാലത്ത് സംസ്ഥാനത്തെ മുഴുവൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്കുമായി പദ്ധതി ആസൂത്രണ- സബ്സിഡി മാർഗ്ഗരേഖ തയ്യാറാക്കി സർക്കാർ ഉത്തരവായി പുറപ്പെടുവിക്കുന്നത്. ഇതിൽ പ്രതിപാദിക്കാത്തതും ഗ്രാമപഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്തതുമായ ഇത്തരം പ്രോജക്ടുകൾ ഗ്രാമപഞ്ചായത്ത് ഏറ്റെടുക്കുന്നത് ഉചിതമല്ല. ആവശ്യം നിരസിച്ചു.

2) ഉറവിടത്തിൽ തന്നെ കൊതുക നശീകരണത്തിന് സഹായകരമായ STP, FSTP പോലുള്ള മാലിന്യ സംസ്കരണ പ്രോജക്ട് എടുക്കുന്നതിന് സമഗ്ര പദ്ധതി തയ്യാറാക്കി നടപ്പാക്കാവുന്നതാണെന്ന് ഗ്രാമപഞ്ചായത്തിനോട് നിർദ്ദേശിക്കുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

**4.24 ഐക്കരനാട് ഗ്രാമപഞ്ചായത്ത്**

എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 27.06.2025-ലെ കത്തും ഐക്കരനാട് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 28.04.2025 -ലെ 2(1) -ാം നമ്പർ തീരുമാനവും (SRG/652/25, – CC/235/25– SRG/656/25, CC/236/25)

വിഷയം:– ജനറൽ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് മേശയും കസേരയും നൽകാൻ അനുമതി സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം. 99/26 | അടങ്കൽ | 12,00,000 രൂപ (തനത് ഫണ്ട്) |
| പേര് | വിദ്യാർത്ഥികൾക്ക് പഠനമേശയും കസേരയും – ജനറൽ | |

പൊതുവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനമേശയും കസേരയും നൽകുന്നതിനുള്ള പ്രോജക്ടിന് അനുമതി സംബന്ധിച്ച്.

തീരുമാനം :– സബ്സിഡി–ധനസഹായ മാർഗ്ഗരേഖ പ്രകാരം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കും മത്സ്യതൊഴിലാളി കളുടെ മക്കളായ വിദ്യാർത്ഥികൾക്കുമാണ് മേശയും കസേരയും നൽകാവുന്നത്. ആവശ്യം നിരസിച്ചു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

## 4.25 ഐക്കരനാട് ഗ്രാമപഞ്ചായത്ത്

എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 27.06.2025–ലെ കത്തും ഐക്കരനാട് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 28.04.2025 –ലെ 2(1) –ാം നമ്പർ തീരുമാനവും (SRG/655/25 – CC/234/25)

വിഷയം:– ക്യാൻസർ രോഗികൾക്ക് ധനസഹായം നൽകാനുള്ള പ്രോജക്ടിന് അനുമതി സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം. 139/26 | അടങ്കൽ | 12,00,000 രൂപ (തനത് ഫണ്ട്) |
| പേര് | ക്യാൻസർ രോഗികൾക്ക് ധനസഹായം | |

ക്യാൻസർ ചികിത്സാ ചെലവുകളുടെ ഭാരം ലഘൂകരിക്കുന്നതിന് പ്രതിമാസം 1000 രൂപാ വീതം രോഗികൾക്ക് നൽകാനുള്ള പ്രോജക്ടിന് അനുമതി സംബന്ധിച്ച്.

തീരുമാനം :– ആവശ്യം നിരസിച്ചു. എന്നാൽ ആസൂത്രണ സബ്സിഡി–ധനസഹായ മാർഗ്ഗരേഖയിൽ പറയും പ്രകാരം (28.05.2022–ലെ 115/2022/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്) "മാരക രോഗങ്ങൾക്ക് സർക്കാർ ഡോക്ടർമാർ നിർദ്ദേശിക്കുന്ന മരുന്നുകൾ ബന്ധപ്പെട്ട ആശുപത്രി മുഖേന രോഗികൾക്ക് മുടക്കം കൂടാതെ നൽകാം" എന്ന സാധ്യത ഉപയോഗപ്പെടുത്താൻ നിർദ്ദേശിക്കുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

## 4.26 മത്തായി ചാക്കോ മെമ്മോറിയൽ മലബാർ സ്പോർട്സ് ഡെവലപ്മെന്റ് വെൽഫെയർ കോഓപ്പറേറ്റീവ് സൊസൈറ്റി

ബഹു. തിരുവമ്പാടി എം.എൽ.എയുടെ 03.07.2025–ലെ 085/GEN/MLATDY/2025–ാം നമ്പർ കത്ത് (SRG/592/25)

വിഷയം:– മത്തായി ചാക്കോ മെമ്മോറിയൽ മലബാർ സ്പോർട്സ് ഡെവലപ്മെന്റ് വെൽഫയർ കോഓപ്പറേറ്റീവ് സൊസൈറ്റിയിൽ നിന്ന് സ്പോർട്സ് ഉപകരണങ്ങൾ വാങ്ങുന്നത് സംബന്ധിച്ച്

മത്തായി ചാക്കോ മെമ്മോറിയൽ മലബാർ സ്പോർട്സ് ഡെവലപ്മെന്റ് വെൽഫയർ കോഓപ്പറേറ്റീവ് സൊസൈറ്റി (മാസ്ഡികോസ്) സ്പോർട്സ് ഉപകരണങ്ങൾ വിൽക്കുന്നുണ്ട്. കോഴിക്കോട് ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, കായിക മേഖലയുമായി ബന്ധപ്പെട്ട സ്ഥാപനങ്ങൾ കായികതാരങ്ങൾ എന്നിവർക്ക് മാസ്ഡികോസ് മിതമായ നിരക്കിൽ പരിശീലന ഉപകരണങ്ങൾ നൽകുന്നുണ്ട്.

മാസ്ഡികോസ് കായിക പരിശീലനവും നൽകുന്നുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങൾ കായിക മേഖലയ്ക്കായി പരിശീലന ഉപകരണങ്ങൾ വാങ്ങുമ്പോൾ മാസ്ഡികോസ് സൊസൈറ്റിയിൽ നിന്നും വാങ്ങുന്നതിന് പരിഗണന നൽകുന്നതിന് നിർദ്ദേശം നൽകണമെന്നതു സംബന്ധിച്ച്.

തീരുമാനം :- തദ്ദേശഭരണസ്ഥാപനങ്ങൾക്ക് ടെണ്ടർ ഉൾപ്പെടെയുള്ള നടപടിക്രമങ്ങൾ പാലിച്ച് മാസ്ഡികോസിൽ നിന്ന് പരിശീലന ഉപകരണങ്ങൾ വാങ്ങാവുന്നതാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

## 4. 27 കാസർഗോഡ് ജില്ലാ പഞ്ചായത്ത്

കാസർഗോഡ് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 12.08.2025 -ലെ കത്തും കാസർഗോഡ് ജില്ലാപഞ്ചായത്ത് ഭരണസമിതിയുടെ 28.07.2025-ലെ 54/12-ാംം നമ്പർ തീരുമാനവും (SRG/716/25 - CC/429/25)

വിഷയം:- ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർക്ക് ആവശ്യമായ ഉപകരണങ്ങൾ വാങ്ങി നൽകുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം. 685/26 | അടങ്കൽ | 1,50,00,000 രൂപ (ചെലവഴിക്കപ്പെടാതെ കിടക്കുന്ന വിഹിതം) |
| പേര് | ഭിന്നശേഷി സൗഹൃദ ജില്ല- കർമ്മ പദ്ധതി 2025-26 | |

കാസർഗോഡ് ജില്ലാ പഞ്ചായത്ത് ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള ജില്ലാതല കർമ്മ പദ്ധതി 2017-18 മുതൽ നടപ്പാക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് ഉപകരണങ്ങൾ വാങ്ങി നൽകുന്നതിന് കഴിഞ്ഞ വർഷമെടുത്ത പ്രോജക്ട് ഈ വർഷം സ്പിൽ ഓവറായി തുടരുന്നുണ്ട്. (പ്രോ.നം. 266/26, അടങ്കൽ 50,000 രൂപ വികസനഫണ്ട്- ജനറൽ, ചെലവഴിക്കപ്പെടാതെ കിടക്കുന്ന തുക 69,64,650 രൂപ - ആകെ 70,14,650 രൂപ) ഈ തുക അർഹതയുള്ള മുഴുവൻ ഗുണഭോക്താക്കൾക്കും ഉപകരണങ്ങൾ വാങ്ങി നൽകാൻ പര്യാപ്തമല്ല. ജില്ലയിലെ മറ്റു തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതം കൂടി ഉൾപ്പെടുത്തി 2018-19 മുതൽ ഭിന്നശേഷി വിഭാഗക്കാർക്കുള്ള കർമ്മ പദ്ധതിക്കായി വകയിരുത്തിയിരുന്ന പ്രോജക്ടുകളിൽ ചെലവഴിക്കപ്പെടാതെ 08.08.2025വരെ പലിശ സഹിതം 2,81,02,126 രൂപ കേരള ഗ്രാമീൺ ബാങ്ക്, വിദ്യാനഗർ ബ്രാഞ്ചിൽ ബാക്കിയുണ്ട്. ഇതിൽ മുൻവർഷം എടുത്തിട്ടുള്ളതും ഈ വർഷം സ്പിൽഓവറായി തുടരുന്നതുമായ രണ്ട് പ്രോജക്ടുകൾക്ക് വിഹിതം മാറ്റി വച്ചതിനുശേഷം 1,71,37,476 രൂപ ബാക്കിയുണ്ട്. ഈ തുകയിൽ നിന്ന് 1.50 കോടി രൂപ കൂടി ഭിന്നശേഷിക്കാർക്ക് ഉപകരണം വാങ്ങുന്നതിന് അധികമായി വകയിരുത്തി മുകളിൽ പറഞ്ഞ പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

തീരുമാനം :-
1) അനുമതി നൽകുന്നു.
2) 2017-18-ൽ ആരംഭിച്ച പ്രോജക്ടിലെ ചെലവഴിക്കപ്പെടാതെയുള്ള തുകയാണ് എന്ന് യോഗം നിരീക്ഷിച്ചു. ഈ വർഷം കൊണ്ട് ഈ പ്രോജക്ട് പൂർത്തിയാക്കണമെന്നും ചെലവഴിക്കപ്പെടാതെ ഇനിയുള്ള തുക ഈ വർഷം തന്നെ പൂർണ്ണമായും ചെലവഴിക്കണമെന്നും നിർദ്ദേശിക്കുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

## 4.28 നെന്മണിക്കര ഗ്രാമപഞ്ചായത്ത് (തൃശ്ശൂർ ജില്ല)

ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 18.09.2025-ലെ 4446/CC/2019/ലൈഫ് നമ്പർ കത്തും തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 19.11.2024-ലെ കത്തും (SRG/919/25 - CC/279/25)

വിഷയം:- ലൈഫ് ഭവന പദ്ധതി പ്രകാരം വീട്ട നിർമ്മിക്കാൻ ധനസഹായം നൽകുന്നത് സംബന്ധിച്ച്.

നെന്മണിക്കര ഗ്രാമപഞ്ചായത്തിലെ ശ്രീമതി.രേഖ W/o ശ്രീ.രാജേന്ദ്രൻ, തലവണിക്കര , വെളുത്താണ്ട് വീട് എന്ന വ്യക്തി ലൈഫ് 2020 പ്രകാരം അപേക്ഷിച്ചിരുന്നു. റേഷൻകാർഡിൽ ഉൾപ്പെട്ട അംഗങ്ങൾക്ക് വാസയോഗ്യമായ വീടുണ്ട് എന്നതിനാൽ അപേക്ഷ നിരസിച്ചു. ഈ വ്യക്തി അപ്പീൽ നൽകിയില്ല. ഭർത്താവ് ഉപേക്ഷിച്ച ശ്രീമതി.രേഖയും മകനും ഭർത്താവ് ഉപേക്ഷിച്ച മകളും മകളുടെ നാലുവയസ്സുള്ള മകളും ഉൾപ്പെടുന്ന കുടുംബത്തിന്റെ വീട് ഇപ്പോൾ വാസയോഗ്യമല്ല. ഈ കുടുംബം പട്ടികജാതി വിഭാഗത്തിൽപ്പെട്ടതാണ്. നിലവിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഈ കുടുംബത്തിന് വാസയോഗ്യമായ വീടില്ല എന്നതിനാൽ ലൈഫ് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നത് പരിഗണിക്കാവുന്നതാണെന്ന് ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ വീട്ട നൽകണമെന്ന ആവശ്യം സംബന്ധിച്ച്.

തീരുമാനം :- അനുമതി നൽകുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ് |

**4.29 കുടാളി ഗ്രാമപഞ്ചായത്ത് (കണ്ണൂർ ജില്ല)**

കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 13.08.2024-ലെ കത്തും അനുബന്ധ രേഖകളും (SRG/871/24 - CC/399/24)

വിഷയം:- ലൈഫ് ലിസ്റ്റിലെ ഗുണഭോക്താക്കൾക്ക് വീട് നിർമ്മിച്ചു നൽകുന്നതിന് ധനസഹായം നൽകുന്നത് സംബന്ധിച്ച്.

കുടാളി ഗ്രാമപഞ്ചായത്തിലെ താഴെപ്പറയുന്ന കുടുംബങ്ങൾ 2020-ലെ ലൈഫ് ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട്. ഗുണഭോക്താക്കളുടെ പേരിന് നേരെ പറയുന്ന കാരണത്താൽ ഇവർക്ക് മുൻഗണന നൽകി വീട് നിർമ്മിച്ചു നൽകാൻ അനുമതി സംബന്ധിച്ച്.

| ക്രമ നം | ഗുണഭോക്താക്കളുടെ പേര് | ഗുണഭോക്തൃ ലിസ്റ്റിലെ ക്രമനമ്പർ | മുൻഗണനക്കായി അറിയിച്ചിരിക്കുന്ന കാരണം |
|---|---|---|---|
| 1 | ശ്രീമതി.ദാക്ഷായണി കെ.<br>മിനി നിവാസ്,<br>പള്ളപൊയിൽ | 145 | ലൈഫ് ലിസ്റ്റിൽ വയസ്സ് രേഖപ്പെടുത്തിയിരുന്നില്ല. 73 വയസ്സുണ്ട്. അതിനാൽ മുൻഗണന നൽകണം. |
| 2 | ശ്രീമതി. പത്മജ.ടി.<br>തണ്ടയിൽ ഹൗസ്, കുടാളി | 98 | ക്യാൻസർ രോഗിയാണ് |
| 3 | ശ്രീമതി. കഞ്ചന എൻ.കെ.<br>പായാട്ട് ഹൗസ്. കോറൂർ | 99 | വിധവയാണ് |

തീരുമാനം :- ഈ ഗുണഭോക്താക്കൾ വീട് നിർമ്മിക്കാൻ കരാറിലേർപ്പെട്ട് നിർമ്മാണം തുടങ്ങിയെന്ന് ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ പ്രതിനിധി യോഗത്തിൽ അറിയിച്ചു. ആവശ്യം പരിഹരിച്ചതിനാൽ യോഗത്തിൽ ചർച്ച ചെയ്തില്ല.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ് |

**4.30 കുടാളി ഗ്രാമപഞ്ചായത്ത് (കണ്ണൂർ ജില്ല)**

കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 02.08.2024-ലെ കത്തും കുടാളി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 09.07.2024-ലെ A1-3213-ാാം നമ്പർ കത്തും (SRG/797/24 - CC/409/24)

വിഷയം:- ലൈഫ് പദ്ധതി പ്രകാരം വീട്ടു നിർമ്മിച്ച് നൽകുന്നത് സംബന്ധിച്ച്.

കൂടാളി ഗ്രാമ പഞ്ചായത്തിൽ ഒന്നാം വാർഡിൽ താമസിക്കുന്ന ശ്രീമതി. പുഷ്പവല്ലി കെ.വി, കിഴക്കേവീട്ടിൽ, കോവൂർ എന്ന വ്യക്തിക്ക് വാസയോഗ്യമായ വീടില്ല. ശ്രീമതി. പുഷ്പവല്ലിയും ഭർത്താവും ക്യാൻസർ ബാധിതരാണ്. ഈ കുടുംബത്തിന്റെ സാഹചര്യം പരിഗണിച്ച് ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി വീട് അനുവദിച്ച് നൽകണമെന്നു സംബന്ധിച്ച്

തീരുമാനം :- ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ടവർ അല്ലാത്തതിനാൽ ഗ്രാമസഭയുടെ അംഗീകാരത്തോടെ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് മാത്രമുപയോഗിച്ച് വീട് നിർമ്മിച്ചു നൽകാൻ അനുമതി നൽകുന്നു. തനത് ഫണ്ട് തികയില്ലെങ്കിൽ സ്പോൺസർഷിപ്പ് സാധ്യതയും പരിശോധിക്കണം.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ് |

**4.31 <u>കൂടരഞ്ഞി ഗ്രാമപഞ്ചായത്ത് ( കോഴിക്കോട് ജില്ല)</u>**

ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 07.08.2025 -ലെ 4446/CC/2019/ലൈഫ് നമ്പർ കത്ത് (SRG/704/25)

വിഷയം:- പ്രളയത്തിൽ വീട് നഷ്ടപ്പെട്ട കുടുംബത്തിന് പുതിയ വീട് നിർമ്മിച്ചു നൽകുന്നത് സംബന്ധിച്ച്.

കൂടരഞ്ഞി ഗ്രാമപഞ്ചായത്തിലെ ശ്രീമതി.റീന, കളരാത്ത് പൂവാറം തോട് എന്ന വ്യക്തിയുടെ വീട്ടും സ്ഥലവും 2018 -ലെ പ്രളയത്തിൽ നഷ്ടമായി. തുടർന്ന് സ്ഥലം വാങ്ങാൻ 6.00 ലക്ഷം രൂപയും വീട് വയ്ക്കുന്നതിന് 4.00 ലക്ഷം രൂപയും സർക്കാരിൽ നിന്നനുവദിച്ചു (റവന്യൂ വകുപ്പ് മുഖേന). 6.00 ലക്ഷം രൂപ ഉപയോഗിച്ച് സ്ഥലം വാങ്ങി. വീട് നിർമ്മിക്കാൻ തുടങ്ങുന്ന സമയത്ത് ഈ വ്യക്തിയുടെ ഭർത്താവ് ആത്മഹത്യ ചെയ്തു. ശ്രീമതി. റീനയ്ക്ക് സ്വന്തമായി ഭവന നിർമ്മാണം നടത്താൻ കഴിയാതിരുന്നതിനാൽ കെയർ ആന്റ് ഷെയർ പദ്ധതിയിൽ ഉൾപ്പെടുത്തി ഭവന നിർമ്മാണം സംസ്ഥാന നിർമ്മിതികേന്ദ്രയെ ഏൽപ്പിച്ചു. 40,000 രൂപ ആദ്യഗഡുവായി നിർമ്മിതികേന്ദ്രക്ക് നൽകി. ബെയ്സ്മെന്റ് വരെ നിർമ്മിച്ചു. തുടർ ഗഡുക്കൾ ലഭിക്കാത്തതിനാൽ നിർമ്മിതികേന്ദ്ര നിർമ്മാണം പുനരാരംഭിച്ചില്ല. ഈ സാഹചര്യത്തിൽ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം അനുവദിക്കണമെന്ന് ഗ്രാമപഞ്ചായത്തും ലൈഫ് കോഴിക്കോട് ജില്ലാ മിഷൻ കോഓർഡിനേറ്ററും ആവശ്യപ്പെട്ടിട്ടുണ്ട്. ഭവന നിർമ്മാണത്തിന് ധനസഹായം നൽകണമെന്ന് ശ്രീമതി. റീന കരുതലും കൈത്താങ്ങിലും, നവകേരള സദസ്സിലും അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഒപ്പം 26.04.2025-ന് നടന്ന കോഴിക്കോട് ജില്ലാ വികസന സമിതി യോഗവും ഭവന നിർമ്മാണത്തിന് ധനസഹായം നൽകണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ഈ കുടുംബത്തിനെ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി വീട് നിർമ്മാണത്തിന് ധനസഹായം നൽകണമെന്നു സംബന്ധിച്ച്

തീരുമാനം :- പ്രളയത്തിൽ തകർന്ന വീടാണെന്നതിനാൽ സ്ഥലം വാങ്ങാനും (6 ലക്ഷം രൂപ) വീട് നിർമ്മാണത്തിനും (4.00 ലക്ഷം രൂപ ) സർക്കാരിൽ നിന്നും ധനസഹായം അനുവദിച്ചിട്ടുണ്ടെന്നറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ തുടർന്നുള്ള ഗഡുക്കളും റവന്യൂ വകുപ്പിൽ നിന്നനുവദിക്കേണ്ടതാണെന്ന് യോഗം വിലയിരുത്തി. അതിനാൽ ഈ കുടുംബത്തിന് തുടർന്നുള്ള ഗഡുക്കൾ നൽകുന്നതിന് നടപടി സ്വീകരിക്കണമെന്ന് കോഴിക്കോട് ജില്ലാ കളക്ടറോട് നിർദ്ദേശിക്കുന്നു. ഇതു സംബന്ധിച്ച് ജില്ലാ കളക്ടർക്ക് കത്ത് എഴുതാൻ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയെ ചുമതലപ്പെടുത്തി.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) ജില്ലാ കളക്ടർ, കോഴിക്കോട്<br>2) തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ് |

**4.32 എരുമപ്പെട്ടി ഗ്രാമപഞ്ചായത്ത് ( തൃശ്ശൂർ ജില്ല)**

ബഹു. ആലത്തൂർ എം.പി.യുടെ 03.09.2025-ലെ 194/2025/MP/ALTR) നമ്പർ കത്തും ബഹു. കുന്നംകുളം എം.എൽ.എ.യുടെ 11.09.2025-ലെ 206/02/ACM/2025-26/TVPM നമ്പർ കത്തും എരുമപ്പെട്ടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 02.09.2025-ലെ കത്തും (SRG/889/25)

വിഷയം:- എരുമപ്പെട്ടി ഗ്രാമപഞ്ചായത്തിൽ ആംബുലൻസും ഫ്രീസറും വാങ്ങുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം. 118/26 | അടങ്കൽ | 25,00,000 രൂപ (തനത് ഫണ്ട്) |
| പേര് | എരുമപ്പെട്ടി ഗ്രാമപഞ്ചായത്തിലേയ്ക്ക് ജനറേറ്റർ, ഫ്രീസർ ഉൾപ്പെടെ ആംബുലൻസ് വാങ്ങൽ | |

എരുമപ്പെട്ടി ഗ്രാമപഞ്ചായത്തിൽ 27 പട്ടികജാതി നഗറുകൾ ഉണ്ട്. ഗ്രാമപഞ്ചായത്തിലേയ്ക്ക് ജനറേറ്ററും ഫ്രീസറും ഉൾപ്പെടുന്ന ഒരു ആംബുലൻസ് വാങ്ങാൻ ഉദ്ദേശിക്കുന്നു. ചൊവ്വന്നൂർ ബ്ലോക്കിലെ കടവല്ലൂർ സഹകരണ ബാങ്കിന്റെ ആംബുലൻസാണ് ഗ്രാമപഞ്ചായത്തിന്റെ ആവശ്യത്തിന് ഇപ്പോൾ ഉപയോഗിക്കുന്നത്. അതിനാൽ ജനറേറ്ററും ഫ്രീസറും ഉൾപ്പെടെ ആംബുലൻസ് വാങ്ങാൻ അനുമതി സംബന്ധിച്ച്.

തീരുമാനം :- ആരോഗ്യ വകുപ്പിന്റെ റിപ്പോർട്ട് പ്രകാരം BLS ആംബുലൻസ് സംസ്ഥാനത്ത് ആവശ്യത്തിലധികമാണ്. അതിനാൽ ഗ്രാമപഞ്ചായത്ത് ആംബുലൻസ് വാങ്ങേണ്ടതില്ല. എന്നാൽ അടിയന്തിരമായി ആംബുലൻസ് സേവനം ആവശ്യമായി വന്നാൽ അർഹതയുള്ള നിർദ്ധന വിഭാഗക്കാർക്ക് (അതിദരിദ്ര കുടുംബം, മുൻഗണനാ റേഷൻകാർഡുള്ള SC/ST വിഭാഗം) ആംബുലൻസിന്റെ വാടക തദ്ദേശഭരണ സ്ഥാപനത്തിൽ നിന്ന് നൽകാവുന്നതാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ് |

**4.33 എടപ്പാൾ ഗ്രാമപഞ്ചായത്ത് ( മലപ്പുറം ജില്ല)**

ബഹു. തവനൂർ എം.എൽ.എ യുടെ 17.06.2025-ലെ കത്തും എടപ്പാൾ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 11.09.2025-ലെ A4/3696717/2025-ാം നമ്പർ കത്തും (SRG/890/25)

വിഷയം:- എടപ്പാൾ ഗ്രാമപഞ്ചായത്തിൽ പുതുതായി ആരംഭിക്കുന്ന ITI ക്ക് വാടക നൽകുന്നത് സംബന്ധിച്ച്

സർക്കാരിന്റെ 13.09.2024-ലെ 32/2024/LBR നമ്പർ ഉത്തരവ് പ്രകാരം എടപ്പാൾ ഗ്രാമപഞ്ചായത്തിൽ ITI ആരംഭിക്കാൻ ഉത്തരവായിട്ടുണ്ട്. ഇതിനായി ഗ്രാമപഞ്ചായത്ത് അനുയോജ്യമായ കെട്ടിടം വാടകയ്ക്കെടുത്ത് നൽകണം. ഒപ്പം ITI പ്രിൻസിപ്പൽ നിർദ്ദേശിക്കുന്ന മേശ, കസേര, റാക്ക് തുടങ്ങിയ അടിസ്ഥാന സൗകര്യവും ഗ്രാമപഞ്ചായത്ത് നൽകണം. ഇതിനായി എടപ്പാൾ - പൊന്നാനി റോഡിൽ എടപ്പാൾ അങ്ങാടി ജംഗ്ഷനിൽ അനുയോജ്യമായ കെട്ടിടം കണ്ടെത്തിയിട്ടുണ്ട്. PWD നിരക്ക് പ്രകാരം 49,183 രൂപയാണ് ഇതിന് പ്രതിമാസ വാടക. ITI ക്കായി ഈ നിരക്കിൽ വാടക നൽകാനും മുകളിൽ പറഞ്ഞ അടിസ്ഥാന സൗകര്യങ്ങൾ നൽകാനും വികസനഫണ്ട്/ തനത് ഫണ്ടുപയോഗിച്ച് പ്രോജക്ട് തയ്യാറാക്കാൻ അനുമതി സംബന്ധിച്ച്.

തീരുമാനം :- ആദ്യ രണ്ട് വർഷത്തേയ്ക്ക് മാത്രം ITI കെട്ടിടത്തിന്റെ വാടക തനത് ഫണ്ടിൽ നിന്ന് നൽകാൻ അനുമതി നൽകുന്നു. ഒപ്പം ITI തുടങ്ങുന്നതിനാവശ്യമായ ഫർണിച്ചർ (ഒറ്റത്തവണ) വാങ്ങി നൽകാനും അനുമതി നൽകുന്നു. തുടർന്നുള്ള വാടക വ്യാവസായിക പരിശീലന വകുപ്പ് നൽകുകയോ സ്വന്തമായി കെട്ടിടം നിർമ്മിക്കാനുള്ള നടപടി ഇപ്പോൾ തന്നെ സ്വീകരിക്കുകയോ ചെയ്യണം.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ് |

**4.34 <u>പാലക്കാട് നഗരസഭ ( പാലക്കാട് ജില്ല)</u>**

ശ്രീ.എം.എസ്.ദാസ് മാട്ടുമന്ത, സി.എൻ.പുരം, പാലക്കാടിന്റെ കത്ത്. (SRG/750/25 DE1/263/2023/LSGD)

വിഷയം:- PMAY(U) ഗുണഭോക്താവിന്റെ പഴയ വീട് നിലനിർത്തുന്നത് സംബന്ധിച്ച്.

പാലക്കാട് നഗരസഭയിലെ എം.എസ്. ദാസ് മാട്ടുമന്ത, സി.എൻ.പുരം എന്ന വ്യക്തിയെ PMAY(U) പ്രകാരം വീടിന് ധനസഹായം നൽകാൻ തെരഞ്ഞെടുത്തിരുന്നു. ധനസഹായം അനുവദിച്ച ഘട്ടത്തിൽ ഓട് മേഞ്ഞ പഴയ വീട് പൊളിച്ച് മാറ്റണമെന്ന് നഗരസഭയിൽ നിന്നറിയിച്ചിരുന്നു. മറ്റൊരു വീട്ടിലേയ്ക്ക് വാടകയ്ക്ക് മാറാൻ ബുദ്ധിമുട്ടുള്ളതിനാൽ ആദ്യഗഡു അനുവദിക്കുമ്പോൾ പഴയ വീടിന്റെ പകുതി ഭാഗവും അവസാന ഗഡു അനുവദിക്കുമ്പോൾ വീട് പൂർണ്ണമായും പൊളിച്ച് മാറ്റാമെന്നും ഗുണഭോക്താവ് നഗരസഭയെ അറിയിച്ചിരുന്നു. എന്നാൽ സാമ്പത്തിക ബുദ്ധിമുട്ടുള്ളതിനാൽ ഒരു ബെഡ് റൂം മാത്രമുള്ള വീടാണ് നിർമ്മിച്ചതെന്ന് ഗുണഭോക്താവ് അറിയിച്ചിട്ടുണ്ട്. പഴയ രണ്ട് മുറി വീട് പൂർണ്ണമായും പൊളിച്ച് മാറ്റിയാലെ അവസാന ഗഡു നൽകു എന്ന് നഗരസഭ ഗുണഭോക്താവിനെ അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ പകുതി പൊളിച്ച് മാറ്റിയ രണ്ട് മുറിയുള്ള ഓട് മേഞ്ഞ പഴയ വീട് നില നിർത്താൻ അനുമതി നൽകണമെന്ന് ശ്രീ.എം.എസ്.ദാസ് മാട്ടുമന്തയുടെ ആവശ്യം സംബന്ധിച്ച്. അവസാന ഗഡു നൽകുന്നതിനു മുൻപ് വാസയോഗ്യമല്ലാത്ത പഴയ വീട് പൊളിച്ച് കളയണമെന്ന് കുടുംബശ്രീ ഡയറക്ടർ (A&P) അറിയിച്ചിട്ടുണ്ട്.

തീരുമാനം :- ഈ വ്യക്തിക്ക് PMAY(U) ന്റെ അവസാന ഗഡുവും നൽകി എന്ന് യോഗത്തിൽ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിച്ചു. ആവശ്യം പരിഹരിച്ചതിനാൽ യോഗത്തിൽ ചർച്ച ചെയ്തില്ല.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ് |

**4. 35 <u>പനയം ഗ്രാമപഞ്ചായത്ത്</u>**

കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 19.07.2026-ലെ കത്തും പനയം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 04.07.2025-ലെ 2(3)-ാം നമ്പർ തീരുമാനവും (SRG/638/25 CC/373/25)

വിഷയം:- അതിദരിദ്ര കുടുംബത്തിൽപ്പെട്ടവർക്ക് ഗ്രാമപഞ്ചായത്ത് നേരിട്ട് വീട് നിർമ്മിച്ച് നൽകുന്നതിന് സ്വീകരിച്ച നടപടിക്ക് സാധൂകരണം സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം. 69/25 | അടങ്കൽ | 2,00,00,000രൂപ<br>വികസനഫണ്ട് ജനറൽ - 17,40,000 രൂപ<br>സംസ്ഥാന വിഹിതം - 50,00,000 രൂപ<br>വായ്പ - 1,04,62,300 രൂപ<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം - 11,28,850 രൂപ<br>ജില്ലാ പഞ്ചായത്ത് വിഹിതം - 16,68,850 രൂപ |
| പേര് | ലൈഫ് ഘട്ടം 2- ഭവന നിർമ്മാണം അതിദരിദ്രർ ഉൾപ്പെടെ - പൊതുവിഭാഗം | |

പനയം ഗ്രാമപഞ്ചായത്ത് ലൈഫ് പദ്ധതി പ്രകാരം അതിദരിദ്ര കുടുംബത്തിലെ മൈക്രോ പ്ലാനിൽ ഉൾപ്പെട്ട 8 കുടുംബത്തിന് വീട് വച്ച് നൽകാൻ പ്രോജക്ട് എടുത്തിരുന്നു. ഈ ഗുണഭോക്താക്കൾക്കും ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെട്ട മറ്റൊരു ഗുണഭോക്താവിനും സ്വന്തമായി വീട് വയ്ക്കുന്നതിനുള്ള കാര്യശേഷി ഇല്ലായിരുന്നു. അതിനാൽ പൊതുജനങ്ങളിൽ

നിന്നു കൂടി ധനസമാഹരണം നടത്തി ലഭിച്ച തുകയും സർക്കാർ ഉത്തരവ് പ്രകാരമുള്ള 4.00 ലക്ഷം രൂപയും കൂടെ ചേർത്ത് ഗ്രാമപഞ്ചായത്ത് നേരിട്ട് ഇവർക്ക് വീട് വച്ച് നൽകാൻ നടപടി സ്വീകരിച്ചു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും അതിദരിദ്ര കുടുംബത്തിലെ ഗുണഭോക്താവായ ശ്രീമതി.ബിന്ദു, ലക്ഷം വീട് കൺവീനറായും മറ്റു കുടുംബാംഗങ്ങളും നിർവ്വഹണ ഉദ്യോഗസ്ഥനും അടങ്ങുന്ന ഒരു ഗുണഭോക്തൃ സമിതി രൂപീകരിച്ചു. ഈ സമിതിയുടെ അക്കൗണ്ടിലേയ്ക്ക് ഗ്രാമപഞ്ചായത്ത് വിഹിതമടക്കം തുക കൈമാറിയാണ് ഇപ്പോൾ വീട് നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നത്. ഇപ്രകാരം തുക ഗുണഭോക്തൃസമിതിയുടെ അക്കൗണ്ടിലേയ്ക്ക് കൈമാറിയതിന് സാധൂകരണം സംബന്ധിച്ച്.

തീരുമാനം :- സർക്കാരിന്റെ 16.03.2018-ലെ 34/2018/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം വീട് നിർമ്മാണത്തിനുള്ള ധനസഹായം ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുകയാണ് ചെയ്യേണ്ടത്. അല്ലായെങ്കിൽ ഗ്രാമപഞ്ചായത്ത് നേരിട്ട് സർക്കാർ അംഗീകാരമുള്ള ഏജൻസി മുഖേനയോ കരാറുകാർ മുഖേനയോ ആണ് വീട് നിർമ്മിച്ച് നൽകേണ്ടത്. ഇതനുസരിച്ച് നടപടി സ്വീകരിക്കാൻ നിർദ്ദേശിക്കുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ് |

## 4.36 ചെല്ലാനം ഗ്രാമപഞ്ചായത്ത് (എറണാകുളം ജില്ല)

എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 19.07.2025 ലെ കത്തും ചെല്ലാനം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 18.12.2024-ലെ 36/12-ാം നമ്പർ തീരുമാനവും (SRG/637/25 - CC/320/25)

വിഷയം:- ഇ.എം. എസ് ഭവന പദ്ധതിയിൽ ബാങ്ക് അക്കൗണ്ടിൽ ബാക്കിയുള്ള തുക ഭവന പദ്ധതിക്കായി ഉപയോഗിക്കാൻ അനുമതി സംബന്ധിച്ച്.

ഇ.എം.എസ് ഭവന പദ്ധതിയിൽ ലഭിച്ച തുകയിൽ രണ്ട് അക്കൗണ്ടുകളിലായി താഴെപ്പറയും പ്രകാരം മിച്ചമുണ്ട്.

| | |
|---|---|
| 1) SB A/C No.1342 | 30,66,840 രൂപ (SCP വിഹിതം,<br>പലിശ തുകയായ 10,66,840 രൂപ അടക്കം) |
| 2) SB A/C No.1119 | 12,159 രൂപ (പലിശ തുക) |

പട്ടികജാതി വിഭാഗത്തിൽപ്പെട്ട എല്ലാ ഇ.എം.എസ് ഭവന പദ്ധതി ഗുണഭോക്താക്കൾക്കും വീടു നൽകി. അതിനാൽ മുകളിൽ ക്രമനമ്പർ 1-ൽ പറഞ്ഞ തുക പട്ടികജാതി വിഭാഗത്തിൽപ്പെട്ട പുതിയ ഗുണഭോക്താക്കൾക്ക് വീടു നിർമ്മാണം, വീട് പുനരുദ്ധാരണം എന്നിവയ്ക്കായി ചെലവഴിക്കാനും ക്രമനമ്പർ 2 ൽ പറഞ്ഞ തുക ലൈഫ് ജനറൽ വിഭാഗത്തിന് ഉപയോഗിക്കാനും അനുമതി സംബന്ധിച്ച്.

തീരുമാനം :- ലൈഫ് ലിസ്റ്റിലുള്ളവർക്കായിരിക്കണം വീട് നിർമ്മാണത്തിനുള്ള തുക നൽകേണ്ടതെന്ന നിബന്ധനയോടെ അനുമതി നൽകുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ് |

## 4.37 വേങ്ങപ്പള്ളി ഗ്രാമപഞ്ചായത്ത്

വയനാട് ജില്ലാപ്ലാനിംഗ് ഓഫീസറുടെ 17.07.2025-ലെ കത്തും വേങ്ങപ്പള്ളി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 29.03.2025-ലെ 7/1-ാം നമ്പർ തീരുമാനവും (SRG/635/25 - CC/337/25)

വിഷയം:- KWA യിൽ ഡെപ്പോസിറ്റ് ചെയ്ത് ചെലവഴിക്കപ്പെടാത്ത തുക മറ്റ് കുടിവെള്ള പദ്ധതിക്കായി ഉപയോഗിക്കാൻ അനുമതി സംബന്ധിച്ച്.

വേങ്ങപ്പള്ളി ഗ്രാമപഞ്ചായത്ത് 2022-23 വർഷം താഴെ പറയുന്ന നാലു പ്രോജക്ടുകൾക്കായി 10,47,400 രൂപ 29.03.2023-ൽ KWA ക്ക് ഡെപ്പോസിറ്റ് ചെയ്തിരുന്നു.

| Sl.No | പ്രവൃത്തിയുടെ പേര് | ഡെപ്പോസിറ്റ് ചെയ്ത തുക |
|---|---|---|
| 1 | മഞ്ഞിലേരി കേളനി പൈപ്പ് ലൈൻ നീട്ടൽ | 1,03,000 രൂപ |
| 2 | മലഞ്ചേരിപ്പകുന്ന് - കല്ലട കുടിവെള്ള പദ്ധതി | 7,36,400 രൂപ |
| 3 | പി.വി. റോഡ് പൈപ്പ് ലൈൻ നീട്ടൽ | 1,05,000 രൂപ |
| 4 | മാരൻകുന്ന് പൈപ്പ് ലൈൻ നീട്ടൽ | 1,03,000 രൂപ |

എന്നാൽ ഈ പദ്ധതികൾ എല്ലാം ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്നുണ്ട്. അതിനാൽ KWA യിൽ ഡെപ്പോസിറ്റ് ചെയ്ത തുക KWA മുഖേന ഏറ്റെടുക്കുന്ന മറ്റ് പ്രവൃത്തികളിലേയ്ക്ക് വകയിരുത്താവുന്നതാണെന്ന് 29.10.2024-ൽ KWA അറിയിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഈ തുക ഉപയോഗിച്ച് മറ്റ് കുടിവെള്ള പദ്ധതികൾ KWA മുഖേന നടപ്പാക്കാൻ അനുമതി സംബന്ധിച്ച് .

തീരുമാനം:- അനുമതി നൽകുന്നു

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ് |

## 4.38 പത്തനംതിട്ട ജില്ലാ പഞ്ചായത്ത്

പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 19.08.2025ലെ കത്തും പത്തനംതിട്ട ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 14.08.2025-ലെ P6-71/23 -ാം നമ്പർ കത്തും (SRG/798/25 - CC/438/25)

വിഷയം:- ആറന്മുള ഉത്രട്ടാതി ജലമേളയിൽ പങ്കെടുക്കുന്ന പള്ളിയോടങ്ങൾക്ക് ഗ്രാന്റ് നൽകുന്നതു സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം. 802/25 | അടങ്കൽ | 4,00,000 രൂപ (തനത് ഫണ്ട്) |
| പേര് | ജില്ലയിലെ പള്ളിയോടങ്ങൾക്ക് ഗ്രാന്റ് | |

ആറന്മുള ഉത്രട്ടാതി ജലമേളയിൽ പങ്കെടുക്കുന്ന പള്ളിയോടങ്ങൾക്ക് കോഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതിയോടെ 10,000 രൂപ വീതം മുൻകാലങ്ങളിൽ ഗ്രാന്റ് നൽകുന്നുണ്ട്. ഈ വർഷവും ഓരോ പള്ളിയോടത്തിനും 10,000 രൂപ വീതം ധനസഹായം നൽകാൻ അനുമതി സംബന്ധിച്ച്.

തീരുമാനം :- ഒരു പള്ളിയോടത്തിന് 10,000 രൂപയിൽ പരിമിതപ്പെടുത്തി ധനസഹായം നൽകാൻ അനുമതി നൽകുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ് |

## 4.39 ചെങ്ങന്നൂർ നഗരസഭ

ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 25.09.2025-ലെ കത്ത് (SRG/929/25 –CC/494 /25)

വിഷയം:- ആറന്മുള ഉത്രട്ടാതി ജലമേളയിൽ പങ്കെടുക്കുന്ന പള്ളിയോടങ്ങൾക്ക് ഗ്രാന്റ് അനുവദിക്കുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം. 21/26 | അടങ്കൽ | 1,00,000 രൂപ (വികസനഫണ്ട് – ജനറൽ) |
| പേര് | പള്ളിയോടങ്ങൾക്ക് ഗ്രാന്റ് | |

പള്ളിയോടങ്ങൾക്ക് ഗ്രാന്റ് നൽകാൻ 1.00 ലക്ഷം രൂപ വകയിരുത്തി ചെങ്ങന്നൂർ നഗരസഭ പ്രോജക്ട് എടുത്തിട്ടുണ്ട്. ഒരു പള്ളിയോടത്തിന് 20,000 രൂപ വീതമാണ് നൽകുന്നത്. ആറന്മുള ഉത്രട്ടാതി വള്ളംകളിയിൽ പങ്കെടുക്കുന്ന നഗരസഭാ പ്രദേശത്തെ 5 പള്ളിയോടങ്ങൾക്ക് 20,000 രൂപാ നിരക്കിൽ ഗ്രാന്റ് നൽകാൻ അനുമതി സംബന്ധിച്ച്.

തീരുമാനം:- ആറന്മുള ഉത്രട്ടാതി വള്ളംകളിയിൽ പങ്കെടുക്കുന്ന പള്ളിയോടങ്ങൾക്ക് 10,000 രൂപ വീതം ഗ്രാന്റ് നൽകാൻ അനുമതി നൽകുന്നു. ഇതിനായി തനത് ഫണ്ട് ഉപയോഗിക്കണം. തനത് ഫണ്ട് ഇല്ലായെങ്കിൽ മാത്രമേ വികസനഫണ്ട് (ജനറൽ) ഉപയോഗിക്കാവൂ എന്നും നിർദ്ദേശിക്കുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ് |

## 4.40 എരുമപ്പെട്ടി ഗ്രാമപഞ്ചായത്ത്

ബഹു.ആലത്തൂർ എം.പി.യുടെ 03.09.2025 ലെ 193/2025/MPL/ALTR നമ്പർ കത്തും തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 20.08.2025-ലെ കത്തും എരുമപ്പെട്ടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 06.10.2025-ലെ - SC2/3232839/25-ാം നമ്പർ കത്തും എരുമപ്പെട്ടി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 29.07.2025-ലെ 24/1-ാം നമ്പർ തീരുമാനവും. (SRG/803/25 - CC/434/2025)

വിഷയം:- MGNREGS പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് പശു, ആട്, കോഴി വളർത്തുന്നതിന് തൊഴുത്ത്, കൂട് എന്നിവ നൽകുന്നത് സംബന്ധിച്ച്.

| | | |
|---|---|---|
| പ്രോ.നം. 382/26 | അടങ്കൽ | 22,40,000 രൂപ (തനത് ഫണ്ട്) |
| പേര് | പശു, ആട്, കോഴി വളർത്തുന്നവർക്ക് തൊഴുത്ത്, കൂട് എന്നിവ നൽകൽ | |

എരുമപ്പെട്ടി ഗ്രാമപഞ്ചായത്ത് 2021-22 വർഷം MGNREGSൽ ഉൾപ്പെടുത്തി നൂറോളം കുടുംബങ്ങൾക്ക് തൊഴുത്ത്, കോഴിക്കൂട്, ആട്ടിൻകൂട് എന്നിവ നിർമ്മിച്ചു നൽകാൻ തീരുമാനിച്ചിരുന്നു. ബാങ്കിന്റെ വായ്പ കൂടി ഉൾപ്പെടുത്തിയാണ് ഇത് നടപ്പാക്കാൻ ഉദ്ദേശിച്ചിരുന്നത്. 16 കുടുംബങ്ങൾക്ക് കോഴിക്കൂടും ആട്ടിൻകൂടും തൊഴുത്തും നിർമ്മിച്ചു. എന്നാൽ MGNREGS എഞ്ചിനീയർ ഈ നിർമ്മാണം മസ്റ്റർറോളിൽ ഉൾപ്പെടുത്തിയില്ല. അതിനാൽ ഈ കുടുംബത്തിന് പണം നൽകിയില്ല. തൊഴുത്ത് നിർമ്മാണത്തിന് ബാങ്കിൽ നിന്നെടുത്ത വായ്പയും പലിശയും അടവാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് സഹകരണ ബാങ്ക് ജപ്തി നടപടി സ്വീകരിച്ചിട്ടുണ്ട്. തുടർന്ന് ശ്രീമതി.വിനീത ജോസഫ് അടക്കം നാലു പേർ തൃശ്ശൂർ ജില്ല മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഓംബുഡ്സ്മാന് പരാതി നൽകി.

MGNREGSൽ പ്രവൃത്തികൾ ചെയ്യുന്നതിന് നിർബന്ധമായും ഉണ്ടായിരിക്കേണ്ട എസ്റ്റിമേറ്റ്, മസ്റ്റർറോളുകൾ തുടങ്ങിയവ ഒന്നുംതന്നെ ഇല്ലാതെയാണ് പ്രവൃത്തികളുടെ നിർവ്വഹണം നടത്തിയിട്ടുള്ളത് എന്നതിനാൽ പരാതിക്കാർക്ക് ഉണ്ടായിട്ടുള്ള കഷ്ടനഷ്ടങ്ങൾക്ക് MGNREGSൽ നിന്ന് ധനസഹായം നൽകാവുന്നതല്ല എന്ന് MGNREGS ഓംബുഡ്സ്മാൻ 21.07.2025-ൽ ഉത്തരവായിട്ടുണ്ട്. ഒപ്പം പരാതിക്കാരുടെ നിലവിലെ അവസ്ഥ കണക്കിലെടുത്ത് എരുമപ്പെട്ടി ഗ്രാമപഞ്ചായത്ത് ഇവരുടെ ബാങ്ക് വായ്പാബാധ്യത ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കണമന്നും നിർദ്ദേശിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ ബാങ്കിൽ നിന്നുള്ള ജപ്തി നടപടി ഒഴിവാക്കാൻ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന് തുക നൽകാൻ അനുമതി സംബന്ധിച്ച്.

തീരുമാനം :- 1) MGNREGS പദ്ധതി പ്രകാരമാണ് ഈ നിർമ്മാണം ആരംഭിച്ചതെങ്കിൽ ഇത് മസ്റ്റർറോളിൽ ഉൾപ്പെടുത്താതിരുന്നത് ബന്ധപ്പെട്ട എഞ്ചിനീയറുടെ ഗുരുതര വീഴ്ചയാണ്. അങ്ങനെയെങ്കിൽ ഇതിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച് അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ MGNREGS ഡയറക്ടർ റിപ്പോർട്ട് നൽകേണ്ടതാണ്.

2) എരുമപ്പെട്ടി ഗ്രാമപഞ്ചായത്തിന്റെ വിഷയം വിശദമായി പരിശോധിച്ച് താഴെപ്പറയുന്നവയിൽ റിപ്പോർട്ട് നൽകാൻ MGNREGS ഡയറക്ടറെ ചുമതലപ്പെടുത്തി.

3) തൊഴുത്ത്, കൂട് എന്നിവ നിർമ്മിച്ച 16 ഗുണഭോക്താക്കളുടെ ലിസ്റ്റ്, ഇവർക്ക് തൊഴുത്ത്, കൂട് നിർമ്മിച്ചത് MGNREGS പദ്ധതി പ്രകാരമാണോ, MGNREGS പദ്ധതി പ്രകാരമാണെങ്കിൽ ഇവർക്ക് നൽകാവുന്ന അനുവദനീയമായ വിഹിതം എത്രയാണ്, തൊഴുത്തിന്റെയും കൂടിന്റെയും വാല്യുവേഷൻ തുക എത്രയാണ് എന്നീ വിവരങ്ങൾ റിപ്പോർട്ടിൽ ഉൾപ്പെടുത്തേണ്ടതാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) ഡയറക്ടർ, MGNREGS<br>2)തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ് |

## 4.41 പത്തനംതിട്ട ജില്ല കാർഷിക വിപണന സഹകരണ സംഘം

പത്തനംതിട്ട ജില്ല കാർഷിക വിപണന സഹകരണ സംഘം പ്രസിഡന്റിന്റെ 15.10.2025-ലെ കത്തും കോഓർഡിനേഷൻ കമ്മിറ്റിയുടെ 15.09.2025-ലെ യോഗ തീരുമാനവും (SRG 976/25)

വിഷയം:- പത്തനംതിട്ട ജില്ല കാർഷിക വിപണന സഹകരണ സംഘം ഉല്പാദിപ്പിക്കുന്ന കാർഷിക ഉല്പാദന ഉപാധികൾ ടെണ്ടർ കൂടാതെ വാങ്ങാൻ അനുമതി സംബന്ധിച്ച്

പത്തനംതിട്ട ജില്ല കാർഷിക വിപണന സഹകരണ സംഘം (PAMCOS) കാർഷിക ആവശ്യത്തിന് വിത്ത്, തൈകൾ, ജൈവവളം, ജൈവകീടനാശിനികൾ, മറ്റ് നടീൽ വസ്തുക്കൾ തുടങ്ങിയവ ഉല്പാദിപ്പിക്കുന്നു. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് PAMCOS ന് സീഡ് ലൈസൻസ്, നഴ്സറി ലൈസൻസ്, ഫെർട്ടിലൈസർ / ഫെർട്ടിലൈസർ മിക്സ്ച്ചർ ലൈസൻസ് എന്നിവ നൽകിയിട്ടുണ്ട്. കോഓർഡിനേഷൻ കമ്മിറ്റിയുടെ 26.10.2023 ലെ യോഗ തീരുമാനമനുസരിച്ചുള്ള 01.12.2023 ലെ 2387/2023/LSGD നമ്പർ ഉത്തരവു പ്രകാരം PAMCOS സ്വയം ഉല്പാദിപ്പിക്കുന്ന വിത്ത്, നടീൽ വസ്തുക്കൾ, വളം എന്നിവയുടെ ഗുണനിലവാരം ബന്ധപ്പെട്ട കൃഷി ഓഫീസർ ഉറപ്പാക്കണമെന്നും ഈ സ്ഥാപനത്തിന്റെ ഉല്പന്നങ്ങളുടെ വില കൃഷി വകുപ്പ് നിശ്ചയിക്കുന്ന വിലയേക്കാൾ അധികരിക്കാൻ പാടില്ല എന്ന നിബന്ധനയോടെയും ഈ സ്ഥാപനത്തിൽ നിന്ന് നേരിട്ട് വാങ്ങാൻ പത്തനംതിട്ട ജില്ലയിലെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിരുന്നു. സഹകരണ വകുപ്പിന്റെ 29.07.2025 ലെ 360/2025/Co-Op നമ്പർ ഉത്തരവു പ്രകാരം PAMCOS സ്വയം ഉല്പാദിപ്പിക്കുന്നതും സഹകരണ ട്രേഡ് മാർക്ക് ആയ CO OP KERALA സർട്ടിഫിക്കേഷൻ മാർക്ക് ലഭിക്കുന്നതുമായ ഉല്പന്നങ്ങൾ സർക്കാർ നിശ്ചയിക്കുന്ന വിലയിൽ അധികരിക്കാൻ പാടില്ല എന്ന നിബന്ധനയോടെ PAMCOS ൽ നിന്ന് നേരിട്ടുവാങ്ങാൻ സംസ്ഥാനത്തെ മറ്റ് സഹകരണ സംഘങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്.

ഇതിന്റെ കൂടി അടിസ്ഥാനത്തിൽ 01.12.2023 ലെ 2387/2023/തസ്വഭവ നമ്പർ ഉത്തരവ് ഭേദഗതി ചെയ്ത് സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കും PAMCOS സ്വന്തമായി ഉല്പാദിപ്പിക്കുന്ന വിത്തുകൾ, തൈകൾ മറ്റ് നടീൽ വസ്തുക്കൾ, കിഴങ്ങു വർഗ്ഗങ്ങൾ, ജൈവ വളങ്ങൾ, ജൈവകീടനാശിനികൾ എന്നിവ നേരിട്ട് വാങ്ങാൻ അനുമതി നൽകണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു. ഇത് കോഓർഡിനേഷൻ കമ്മിറ്റിയുടെ 15.09.2025-ലെ യോഗത്തിൽ ചർച്ച ചെയ്തിരുന്നുവെങ്കിലും ആവശ്യം പരിഗണിച്ചില്ല. സംസ്ഥാനത്തെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും എന്നതിനു പകരം പത്തനംതിട്ട, ആലപ്പുഴ, കോട്ടയം എന്നീ ജില്ലകളിലെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ നിശ്ചയിക്കുന്ന വിലയിൽ അധികരിക്കാതെ PAMCOS ഉല്പാദിപ്പിക്കുന്ന മുകളിൽ പറഞ്ഞ ഉല്പന്നങ്ങൾ നേരിട്ട് വാങ്ങാൻ അനുമതി സംബന്ധിച്ച്
.

തീരുമാനം :- ആവശ്യം ഇപ്പോൾ പരിഗണിക്കേണ്ടതില്ല എന്ന് തീരുമാനിച്ചു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

## 4. 42 ചാവക്കാട് നഗരസഭ (തൃശ്ശൂർ ജില്ല)

ബഹു. ഗുരുവായൂർ എം.എൽ.എയുടെ 26.07.2025-ലെ 329/2025/NKA/GVR നമ്പർ കത്തും ചാവക്കാട് നഗരസഭാ ചെയർമാന്റെ 21.07.2025-ലെ G2-3000452/2025-ാം നമ്പർ കത്തും അനുബന്ധരേഖകളും (SRG/646/25)

വിഷയം:- ചാവക്കാട് താലൂക്കാശുപത്രിയിൽ അധികമായി ഡോക്ടറെ നിയമിക്കുന്നത് സംബന്ധിച്ച്.

ചാവക്കാട് നഗരസഭയുടെ നിയന്ത്രണത്തിലുള്ള ചാവക്കാട് താലൂക്കാശുപത്രി തീരദേശ മേഖലയിലാണ് സ്ഥിതി ചെയ്യുന്നത്. ഇവിടെ 1200 നടുത്ത് രോഗികൾ പ്രതിദിനം ചികിത്സ തേടുന്നുണ്ട് എന്ന് ആശുപത്രി സൂപ്രണ്ട് അറിയിച്ചിട്ടുണ്ട്. മാർഗ്ഗരേഖ പ്രകാരം താലൂക്കാശുപത്രികളിൽ ഒരു ഡോക്ടറെ മാത്രമാണ് തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്ന് നിയമിക്കാവുന്നത്. ചാവക്കാട് നഗരസഭാ വിഹിതം ഉപയോഗിച്ച് അധികമായി ഒരു ഡോക്ടറെ കൂടി ചാവക്കാട് താലൂക്കാശുപത്രിയിൽ നിയമിക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

തീരുമാനം :-
1) ആവശ്യം പരിഗണിച്ചില്ല.
2) 21.08.2025-ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം HMC യിൽ നിന്ന് കൂടുതൽ വിഹിതം ഡോക്ടർ, പാരാമെഡിക്കൽ സ്റ്റാഫ്, മറ്റ് സ്റ്റാഫ് എന്നിവരെ നിയമിക്കാൻ ഉപയോഗിക്കുന്നതിന് അനുമതി നൽകണമെന്ന് ആരോഗ്യ വകുപ്പിനോടാവശ്യ പ്പെട്ടിട്ടുണ്ട്. ആരോഗ്യ വകുപ്പിന്റെ തീരുമാനത്തിന്റെ അടിസ്ഥാന ത്തിൽ നഗരസഭക്ക് തീരുമാനമെടുക്കാവുന്നതാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ് |

## 4. 43 കണ്ണൂർ ജില്ലാ പഞ്ചായത്ത്

കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 22.09.2025-ലെ കത്തുകളും (2 എണ്ണം) കണ്ണൂർ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 09.09.2025, 26.09.2025 എന്നീ തീയതികളിലെ 3769649/25 -ാം നമ്പർ കത്തുകളും (3 എണ്ണം) അനുബന്ധരേഖകളും (SRG/867/25 –CC/479/25, SRG/869/25 – CC/478/25)

വിഷയം:- പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഹൈസ്കൂളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണം നൽകുന്നതു സംബന്ധിച്ച്

| | | |
|---|---|---|
| 1)പ്രോ.നം. 668/25 | അടങ്കൽ | 6,00,000 രൂപ (TSP) |
| പേര് | എസ്.റ്റി വിദ്യാർത്ഥികൾക്ക് പ്രഭാതഭക്ഷണം | |
| 2)പ്രോ.നം. 134/26 | അടങ്കൽ | 6,00,000 രൂപ (TSP) |
| പേര് | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രഭാതഭക്ഷണം | |

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനും പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനും പട്ടികവർഗ്ഗ വിദ്യാർത്ഥികൾ കൂടുതൽ പഠിക്കുന്നതും പട്ടികവർഗ്ഗ വകുപ്പിന്റെ ഹോസ്റ്റൽ സൗകര്യം ലഭ്യമല്ലാത്തതുമായ സ്കൂളുകളിൽ പ്രഭാതഭക്ഷണം നൽകുന്നതിനുള്ള പ്രോജക്ട് 2024-25-ൽ നടപ്പാക്കി. മാർഗ്ഗരേഖ പ്രകാരം ഇത് അനുവദനീയമല്ലാത്തതിനാൽ സർക്കാരിന്റെ സാധൂകരണം വാങ്ങണമെന്ന് സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് വിഭാഗം കുറിപ്പെഴുതിയിട്ടുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട

ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് 2024-25 വർഷം പ്രഭാതഭക്ഷണം നൽകിയതിന് സാധൂകരണം നൽകണമെന്നും 2025-26 വർഷം ഇതേ പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകണമെന്നതും സംബന്ധിച്ച്.

താഴെപ്പറയുന്ന സ്കൂളുകളിലെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കാണ് പ്രഭാതഭക്ഷണം നൽകുന്നത്.

1. GHSS – പാല
2. GHSS – പടിയൂർ
3. GHSS – മണത്തണ
4. St.Thomas HSS, കരിക്കോട്ടക്കരി
5. St.Thomas HSS, കേളകം

തീരുമാനം:- പ്രഭാത ഭക്ഷണം നൽകുന്നതിനുള്ള മറ്റ ക്രമീകരണം പട്ടികവർഗ്ഗ വികസന വകുപ്പ് ഉണ്ടാക്കേണ്ടതാണെന്ന് നിർദ്ദേശത്തോടെ പ്രഭാത ഭക്ഷണത്തിനുള്ള ചെലവ് ജില്ലാ പഞ്ചായത്തിൽ നിന്നും നൽകാൻ അനുമതി നൽകുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

## 4. 44 കണ്ണൂർ ജില്ലാ പഞ്ചായത്ത്

കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 30.08.2025 -ലെ കത്തും കണ്ണൂർ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 07.07.2025-ലെ 1618309/2025-ാാം നമ്പർ കത്തും അനുബന്ധരേഖകളും (SRG/868/25 -CC/362/25)

വിഷയം:- ചുണ്ടങ്ങാപൊയിൽ GHSS ൽ നടത്തിയ നിർമ്മാണ പ്രവൃത്തികൾക്ക് ചെലവായ തുക നൽകുന്നതു സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം. 647/24 (ഈ വർഷത്തെ നമ്പർ 474/26) | അടങ്കൽ | 12,00,000 രൂപ (നോൺ റോഡ്- മെയിന്റനൻസ് ഗ്രാന്റ്) |
| പേര് | ചുണ്ടങ്ങാപൊയിൽ GHSS ൽ അടിസ്ഥാന സൗകര്യ വികസനം - സ്കൂൾ അറ്റകുറ്റപ്പണി | |

കണ്ണൂർ ജില്ലാ പഞ്ചായത്ത് ചുണ്ടങ്ങാപൊയിൽ GHSS ന്റെ അറ്റകുറ്റപ്പണിക്ക് 12.00 ലക്ഷം രൂപ വകയിരുത്തി പ്രോജക്ട് എടുത്തിരുന്നു. 2024 ആഗസ്റ്റ് മാസം ഇതിന്റെ പ്രവൃത്തി ആരംഭിച്ച് 2024 ഒക്ടോബർ മാസം പൂർത്തിയാക്കി. മാതാവിന്റെ അസുഖവും തുടർന്നുള്ള മരണവും ശാരീരിക പ്രയാസങ്ങളും മൂലം യഥാസമയം നിർമ്മാണത്തിന്റെ അളവുകൾ കൃത്യമായി എം.ബുക്കിൽ രേഖപ്പെടുത്തിയില്ല എന്ന് കതിരൂർ ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. ഈ വിശദീകരണം തൃപ്തികരമല്ല എന്ന് തദ്ദേശസ്വയംഭരണ വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ പ്രവൃത്തിയുടെ ബിൽ തുക നൽകാത്തതിനാൽ ഈ വർഷം സ്പിൽഓവറായി തുടരുന്നു. കരാറുകാരന്റെ ഭാഗത്ത് വീഴ്ച സംഭവിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ഈ പ്രവൃത്തിയുടെ വാല്യുവേഷന്റെ അടിസ്ഥാനത്തിൽ തുക നൽകാൻ അനുമതി സംബന്ധിച്ച്.

തീരുമാനം :-

1) ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയറുടെ ഭാഗത്ത് ഗുരുതര വീഴ്ച സംഭവിച്ചിട്ടുണ്ട് എന്ന് യോഗം വിലയിരുത്തി. ഇതിന്മേൽ വിശദീകരണമാരാഞ്ഞ് കർശന നടപടി സ്വീകരിക്കാൻ ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി.
2) ഈ പ്രവൃത്തിയുടെ വാല്യുവേഷന്റെ അടിസ്ഥാനത്തിൽ കരാറുകാരന് തുക നൽകാൻ അനുമതി നൽകുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) ചീഫ് എഞ്ചിനീയർ തദ്ദേശസ്വയംഭരണ വകുപ്പ്<br>2) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ് |

## 4. 45 നൂൽപ്പുഴ ഗ്രാമപഞ്ചായത്ത് ( വയനാട് ജില്ല)

നൂൽപ്പുഴ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 02.09.2023 JC1-302/2023 -ാം നമ്പർ കത്തും നൂൽപ്പുഴ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 29.07.2023-ലെ 2(1)-ാം നമ്പർ തീരുമാനവും സാംസ്കാരിക (B) വകുപ്പിന്റെ 26.07.2025-ലെ B2/176/2025/സാം.കാ.വ നമ്പർ കുറിപ്പും അനുബന്ധ രേഖകളും (SRG/756/25 - DA3/229/2023/LSGD)

വിഷയം:- നൂൽപ്പുഴ ഗ്രാമപഞ്ചായത്തിലെ ട്രൈബൽ മ്യൂസിയത്തിന്റെ പ്രവർത്തനം സംബന്ധിച്ച്

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ കൂടുതൽ താമസിക്കുന്ന നൂൽപ്പുഴ ഗ്രാമപഞ്ചായത്തിൽ ട്രൈബൽ മ്യൂസിയം സ്ഥാപിക്കുന്നതിനായി MLA-ADF ൽ നിന്ന് ഫണ്ട് വകയിരുത്തി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് കെട്ടിടം നിർമ്മിച്ച് ഗ്രാമപഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് 2021-22 വർഷം 8.00 ലക്ഷം രൂപയും 2022-23 വർഷം 2.00 ലക്ഷം രൂപയും (ആകെ 10.00 ലക്ഷം രൂപ) TSP വിഹിതത്തിൽ നിന്ന് ജില്ലാ നിർമ്മിതി കേന്ദ്രക്ക് ഡെപ്പോസിറ്റ് ചെയ്തു. കെട്ടിടത്തിൽ ഭൗതിക സാഹചര്യം ഒരുക്കുന്നതിനാണ് ജില്ലാ നിർമ്മിതി കേന്ദ്രക്ക് തുക കൈമാറിയത്. ഇപ്പോൾ മ്യൂസിയം പ്രവർത്തന സജ്ജമായി. വിവിധ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ പാരമ്പര്യമായി കൈമാറിയിട്ടുള്ളതും നാശോന്മുഖമായിക്കൊണ്ടിരിക്കുന്നതുമായ കാർഷിക ഉപകരണങ്ങൾ, വേട്ടയാടുന്നതിന് ഉപയോഗിക്കുന്ന ആയുധങ്ങൾ, ദൈവിക കാര്യങ്ങൾക്കും കലാകായിക വിനോദങ്ങൾക്കും മറ്റും ഉപയോഗിക്കുന്ന പൈതൃക വസ്തുക്കൾ എന്നിവ ശേഖരിച്ച് സംരക്ഷിക്കുക എന്നതാണ് മ്യൂസിയം കൊണ്ടുദ്ദേശിക്കുന്നത്.

പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 166(1) 3-ാം പട്ടിക പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ചുമതലയിൽ മ്യൂസിയം നടത്തിപ്പ് വരുന്നില്ല എന്നും സർക്കാർ ഉത്തരവുകൾ പ്രകാരം മ്യൂസിയം നടത്തിപ്പ് കേരള മ്യൂസിയം എന്ന സ്ഥാപനത്തെയാണ് ഏൽപ്പിക്കേണ്ടതെന്നും അതിനാൽ മ്യൂസിയത്തിന്റെ തുടർ നടത്തിപ്പിന് സർക്കാർ അനുമതിയോടെ തുടർനടപടി സ്വീകരിക്കണമെന്നും ഓഡിറ്റ് വകുപ്പ് നിർദ്ദേശിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഗ്രാമപഞ്ചായത്തിന് ട്രൈബൽ മ്യൂസിയത്തിന്റെ തുടർ നടത്തിപ്പിനും പരിപാലനത്തിനും അനുമതി നൽകണമെന്നും ഗ്രാമപഞ്ചായത്ത് ചെലവഴിച്ച 10.00 ലക്ഷം രൂപയ്ക്ക് സാധൂകരണം നൽകണമെന്നുമുള്ള ആവശ്യം സംബന്ധിച്ച്.

ഇതിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് ആവശ്യപ്പെട്ടതനുസരിച്ച് സാംസ്കാരിക വകുപ്പ് താഴെപ്പറയുന്ന അഭിപ്രായം അറിയിച്ചിട്ടുണ്ട്.

"നിലവിലെ വ്യവസ്ഥകൾ പ്രകാരം നിർമ്മാണം പൂർത്തിയായ മ്യൂസിയങ്ങളുടെ ഉടമസ്ഥതയും നടത്തിപ്പും ബന്ധപ്പെട്ട സർക്കാർ വകുപ്പുകളാണ് നിർവ്വഹിക്കേണ്ടത്. സർക്കാരിന്റെ കീഴിലുള്ള വിവിധ മ്യൂസിയങ്ങളുടെ സജ്ജീകരണ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുന്ന ഏജൻസിയാണ് ചരിത്ര പൈതൃക മ്യൂസിയം". "ട്രൈബൽ മ്യൂസിയം SC/ST വകുപ്പുമായി ബന്ധപ്പെട്ട വിഷയം ആയതിനാൽ തുടർ നടത്തിപ്പ് പ്രസ്തുത വകുപ്പോ തദ്ദേശസ്വയംഭരണ വകുപ്പോ നിർവ്വഹിക്കാവുന്നതാണ്".

മ്യൂസിയം നടത്തിപ്പുമായി ബന്ധപ്പെട്ട് കേരള ചരിത്ര പൈതൃക മ്യൂസിയത്തിന്റെ വിദഗ്ധ സേവനം നൽകാമെന്ന് സാംസ്കാരിക വകുപ്പ് അറിയിച്ചിട്ടുണ്ട്. മ്യൂസിയത്തിന്റെ നടത്തിപ്പിനായി കെട്ടിടം 12,000 രൂപയ്ക്ക് (ഒരു വർഷം) ലേലം ചെയ്ത് നൽകിയിരിക്കുകയാണെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ലേലം എടുത്തയാളിനാണ് ഇതിന്റെ നടത്തിപ്പ് ചുമതല.

തീരുമാനം :-

1) നൂൽപ്പുഴ ഗ്രാമപഞ്ചായത്ത് ട്രൈബൽ മ്യൂസിയത്തിന് 10.00 ലക്ഷം രൂപ ചെലവഴിച്ചതിന് സാധൂകരണം നൽകുന്നു.
2) സാംസ്കാരിക വകുപ്പ് അറിയിച്ചതനുസരിച്ച് ട്രൈബൽ മ്യൂസിയത്തിന്റെ ഉടമസ്ഥതയും മേൽനോട്ടവും തദ്ദേശസ്വയം ഭരണ വകുപ്പിന് കൈമാറിക്കൊണ്ട് ദൈനംദിന പ്രവർത്തനവും പരിപാലനവും ഗ്രാമപഞ്ചായത്തിനെ ചുമതലപ്പെടുത്തുന്ന രീതി സ്വീകരിക്കാൻ നിർദ്ദേശിക്കുന്നു. നടത്തിപ്പിന് ലേലം ചെയ്ത് കൊടുക്കാവുന്നതാണ്. ഒപ്പം മ്യൂസിയത്തിന്റെ പ്രവർത്തനം, സംരക്ഷണം എന്നിവയ്ക്ക് 'ചരിത്ര പൈതൃക മ്യൂസിയ'ത്തിന്റെ ഉപദേശം തേടി വേണം തീരുമാനമെടുക്കേണ്ടതെന്നും നിർദ്ദേശിക്കുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

## 4.46 കോഴിക്കോട് ജില്ലാ പഞ്ചായത്ത്

കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 31.07.2025-ലെ കത്തും കോഴിക്കോട് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 29.07.2025-ലെ 1830300/2025-ം നമ്പർ കത്തും അനുബന്ധരേഖകളും (SRG/760/2**5** **CC**/400/25)

വിഷയം:- PMJVK പദ്ധതി പ്രകാരം നിർമ്മിക്കുന്ന ജില്ലാ ആശുപത്രി കെട്ടിടത്തിന്റെ നിർമ്മാണം സൂപ്പർവൈസ് ചെയ്യുന്നതിന് എഞ്ചിനീയറെ നിയമിക്കുന്നത് സംബന്ധിച്ച്

പ്രധാനമന്ത്രി ജൻ വികാസ് കാര്യക്രം പദ്ധതിയിലുൾപ്പെടുത്തി വടകര ജില്ലാ ആശുപത്രി ഫേസ് II വിന്റെ നിർമ്മാണത്തിന് 83.18 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. പ്രാരംഭ ഘട്ടം ആരംഭിച്ചു. വലിയ പ്രവൃത്തി ആയതിനാൽ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് പ്രയാസം നേരിടുന്നുണ്ടെന്ന് വടകര ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. അതിനാൽ നിർമ്മാണ പ്രവൃത്തികൾ ക്രോഡീകരിക്കുന്നതിനും സൈറ്റ് സൂപ്പർവിഷനും പരിചയ സമ്പന്നനായ ഒരു എഞ്ചിനീയറെയും (B-Tech Civil) ഒരു സൂപ്പർവൈസറെയും (Diploma in Civil Engineer) നിർമ്മാണം പൂർത്തിയാകുംവരെ നിയമിക്കാൻ അനുമതി സംബന്ധിച്ച്.

തീരുമാനം :- യോഗത്തിൽ ചീഫ് എഞ്ചിനീയറുടെ ആഭിപ്രായത്തിന്റെ കൂടി അടിസ്ഥാനത്തിൽ ഈ പ്രവൃത്തി പൂർത്തിയാകുംവരെ മാത്രം അസിസ്റ്റന്റ് എഞ്ചിനീയർ/അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ പദവിയിൽ റിട്ടയർ ചെയ്ത ഒരാളെ എഞ്ചിനീയറായും ഓവർസീയറായി ചെറുപ്പക്കാരായ പുതിയ ഡിപ്ലോമ ബിരുദധാരിയെയും നിയമിക്കാൻ അനുമതി നൽകുന്നു. ഇതിനായി തനത് ഫണ്ട് ഉപയോഗിക്കേണ്ടതാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ് |

## 4.47 വാടാനപ്പള്ളി ഗ്രാമപഞ്ചായത്ത് (തൃശ്ശൂർ ജില്ല)

വാടാനപ്പള്ളി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 13.12.2021-ലെ A3 - 7347/2021-ാം നമ്പർ കത്തും വാടനപ്പള്ളി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 20.10.2021-ലെ 4(1) -ാം നമ്പർ തീരുമാനവും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 20.04.2025-ലെ LSGD/PD/23539/2023/ -GEB4 നമ്പർ കത്തും (SRG/759/25 - WM3/31/2022/LSGD)

വിഷയം:- നടപടിക്രമങ്ങൾ പാലിക്കാതെ കാന ശുചീകരണമടക്കമുള്ള മഴക്കാല പൂർവ്വ പ്രവൃത്തികൾ നടത്തിയതിന്റെ തുക നൽകുന്നത് സംബന്ധിച്ച്

വാടാനപ്പള്ളി ഗ്രാമപഞ്ചായത്ത് മഴക്കാല മുന്നൊരുക്കത്തിന്റെ ഭാഗമായി കാന ശുചീകരണത്തിനായി 10.00 ലക്ഷം രൂപ വകയിരുത്തി 2021-22 വർഷം പ്രോജക്ട് എടുത്തിരുന്നു. വർഷങ്ങളായി വൃത്തിയാക്കാത്ത കാനകൾ, ഓടകൾ, തോടുകൾ എന്നിവ JCB യും മറ്റും ഉപയോഗിച്ച് വൃത്തിയാക്കി. സാങ്കേതികാനുമതി ഇല്ലാതെയും ടെണ്ടർ നടപടി സ്വീകരിക്കാതെയും കരാറുകാരനെ കണ്ടെത്തിയാണ് പ്രവൃത്തി ചെയ്തത്. 2021-22-ൽ നടത്തിയ പ്രവൃത്തിയുടെ തുക ഇതുവരെ നൽകിയിട്ടില്ല. ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ വാല്യുവേഷൻ പ്രകാരം ഈ പ്രവൃത്തികളുടെ ചെലവ് 9,99,911 രൂപയാണ്. അസിസ്റ്റന്റ് എഞ്ചിനീയറുടെ വാല്യുവേഷൻ പ്രകാരം കരാറുകാരന് തനത് ഫണ്ടിൽ നിന്ന് തുക നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

തീരുമാനം :-

1) തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ടിൽ പറയും പ്രകാരം മതിയായ സമയമുണ്ടായിട്ടും പ്രോജക്ടിന് സാങ്കേതികാനുമതി വാങ്ങാതെയും ടെണ്ടർ നടപടി കൂടാതെയും പ്രവൃത്തി ചെയ്തത് വീഴ്ചയാണെന്ന് യോഗം വിലയിരുത്തി.
2) ഈ സാഹചര്യത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ്ചീഫ് എഞ്ചിനീയറുടെ റിപ്പോർട്ട് കൂടി തേടി ഇതിന്മേൽ

തീരുമാനമെടുക്കാൻ തദ്ദേശസ്വയംഭരണ വകുപ്പിനെ ചുമതലപ്പെടുത്തി. ഒപ്പം ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ പേരിൽ ഉചിതമായ നടപടി വകുപ്പുതലത്തിൽ എടുക്കേണ്ടതാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്<br>2) തദ്ദേശസ്വയംഭരണ (ഡബ്ല്യു.എം) വകുപ്പ് |

## 4.48 കൊല്ലം കോർപ്പറേഷൻ

കൊല്ലം കോർപ്പറേഷൻ സെക്രട്ടറിയുടെ 02.01.2025-ലെ 2398315/2024-ാം നമ്പർ കത്തും കൊല്ലം കോർപ്പറേഷൻ കൗൺസിലിന്റെ 25.01.2024-ലെ 25/25-ാം നമ്പർ തീരുമാനവും വാല്യുവേഷൻ റിപ്പോർട്ടും (SRG/774/25 – DB2/564/2025/ LSGD)

വിഷയം:- കൊല്ലം കോർപ്പറേഷൻ ചെമ്മക്കാടൻ മുക്ക് ബൈപാസ് ആറ്റവാരം മുക്ക് റോഡ് കോൺക്രീറ്റ് ചെയ്തതിന്റെ തുക നൽകുന്നത് സംബന്ധിച്ച്.

കൊല്ലം കോർപ്പറേഷൻ 32-ാം ഡിവിഷൻ ചെമ്മക്കാടൻമുക്ക് ബൈപാസ് ആറ്റവാരം മുക്ക് റോഡ് കോൺക്രീറ്റ് ആന്റ് ടാറിംഗ് ചെട്ടിയാരുവിള അമ്മൂമ്മക്കാവ് ഓട അറ്റകുറ്റപ്പണി എന്ന പ്രവൃത്തിക്ക് 20.00 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് എടുത്തിരുന്നു. 30.09.2021-ൽ ഇതിന് സാങ്കേതികാനുമതി നൽകുകയും ടെണ്ടറിലൂടെ ശ്രീ. എസ്.എ റഷീദ് എന്ന വ്യക്തിയുമായി കരാറിൽ ഏർപ്പെടുകയും ചെയ്തിരുന്നു. ഒന്നാം പാർട്ട് ബിൽ ആയ 5,79,600 രൂപയിൽ നിയമാനുസൃത കിഴിവിനു ശേഷം 5,39,848 രൂപ കരാറുകാരന് നൽകി. ഇതിന്റെ ഫൈനൽ ബിൽ നൽകാൻ ഫയൽ ബഹു. മേയർക്ക് നൽകി. ഈ ഫയലുകൾ ബഹു.മേയറുടെ ഓഫീസിലുണ്ടായ തീപിടുത്തത്തിൽ 20.08.2022 ൽ കത്തി നശിക്കുകയും ചെയ്തു. തുടർന്ന് കരാറുകാരന് ബാക്കി തുക നൽകാൻ പ്രവൃത്തിയുടെ വാല്യുവേഷൻ എടുത്തു. വാല്യുവേഷൻ തുക 17,32,650 രൂപ. ആദ്യം നൽകിയ പാർട്ട് ബിൽ തുകയായ 5,79,600 രൂപ കുറവ് ചെയ്ത് ബാക്കി തുകയായ 11,53,051 രൂപ നിയമാനുസൃത കിഴിവു വരുത്തി കരാറുകാരന് നൽകാൻ അനുമതി സംബന്ധിച്ച്.

തീരുമാനം :- ഇതു പരിശോധിച്ച് റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കുന്നതാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്<br>2)തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ് |

## 4.49 പോരൂർ ഗ്രാമപഞ്ചായത്ത് (മലപ്പുറം ജില്ല)

പോരൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 30.05.2025-ലെ കത്ത് (SRG/709/25 – DB**2**/430/2025 – LSGD)

വിഷയം:- ചേരിപ്പറമ്പ് താലപ്പൊലിപ്പറമ്പ് മുണ്ടത്തോട് റോഡിൽ പാലത്തിന്റെ നിർമ്മാണത്തിന് അധികമായി വന്ന തുക നൽകുന്നത് സംബന്ധിച്ച്.

പോരൂർ ഗ്രാമപഞ്ചായത്തിൽ 2023-24 വർഷം ചേരിപ്പറമ്പ് താലിപ്പൊലിപ്പറമ്പ് മുണ്ടത്തോട് റോഡിൽ പാലം നിർമ്മിക്കുന്നതിന് 10,31,168 രൂപ വകയിരുത്തിയിരുന്നു. ഇതനുസരിച്ച് പ്രവൃത്തി ശ്രീമതി. റാഹിന എന്ന കോൺട്രാക്ടറെ ഏല്പിച്ചു. എന്നാൽ പാലം പണി തുടങ്ങിയപ്പോൾ സൈറ്റിലെ സ്ഥിതിക്കനുസരിച്ച് കുറച്ചു കൂടി ഉയരം ആവശ്യമായി വന്നു. ഇങ്ങനെ ഉയരം കൂടിയപ്പോൾ അളവുകളിൽ ഉണ്ടായ മാറ്റം മൂലം കോൺട്രാക്ടർക്ക് 1,81,331 രൂപ അധികമായി ചെലവായി. അധികമായി വന്ന ഈ തുക തനത് ഫണ്ടിൽ നിന്ന് നൽകാൻ അനുമതി സംബന്ധിച്ച് .

തീരുമാനം :- റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി തുടർനടപടി സ്വീകരിക്കേണ്ട തായിരുന്നു എന്ന് യോഗം വിലയിരുത്തി. ഇപ്രകാരം ചെയ്യാത്തത് വീഴ്ചയാണ്. ഇത് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്<br>2) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ് |

## 4.50 പത്തിയൂർ ഗ്രാമപഞ്ചായത്ത്

ആലപ്പുഴ ജില്ലാപ്ലാനിംഗ് ഓഫീസറുടെ 13.10.2025-ലെ കത്തും മുതുകുളം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 13.10.2025-ലെ 5038503/2025-ാം നമ്പർ കത്തും പത്തിയൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 19.09.2025-ലെ 2(1)-ാം നമ്പർ തീരുമാനവും (SRG/974/25 –CC/518/25)

വിഷയം:- മുതുകുളം ബ്ലോക്ക് പഞ്ചായത്ത് നിർമ്മിച്ച് നൽകിയ കെട്ടിടത്തിൽ വൃദ്ധസദനത്തിന്റെ പ്രവർത്തനം ആരംഭിക്കുന്നതിന് അനുമതി സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം. 15/26 | അടങ്കൽ | 15,00,000 രൂപ<br>(വികസനഫണ്ട് ജനറൽ – 5,00,000 രൂപ<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം – 5,00,000 രൂപ<br>ജില്ലാ പഞ്ചായത്ത് വിഹിതം – 5,00,000 രൂപ ) |
| പേര് | വൃദ്ധസദനം | |

മുതുകുളം ബ്ലോക്ക് പഞ്ചായത്ത് 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിലായി 72.50 ലക്ഷം രൂപ ചെലവഴിച്ച് പത്തിയൂർ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള PHC കോമ്പൗണ്ടിലുള്ള സ്ഥലത്ത് 'നികുഞ്ജം' എന്ന പേരിൽ വൃദ്ധ സദനത്തിന് കെട്ടിടം നിർമ്മിച്ചിരുന്നു. മുതുകുളം ബ്ലോക്ക് പഞ്ചായത്തും ബ്ലോക്കിന്റെ പരിധിയിലുള്ള എട്ട് ഗ്രാമപഞ്ചായത്തുകളും ചേർന്ന് സംയുക്തമായി വൃദ്ധസദനം നടപ്പാക്കാനാണ് വിഭാവനം ചെയ്തിരുന്നെങ്കിലും മുതുകുളം ബ്ലോക്ക് പഞ്ചായത്തും പത്തിയൂർ ഗ്രാമപഞ്ചായത്തും മാത്രമാണ് വിഹിതം വകയിരുത്തിയത്. നിലവിലെ കെട്ടിടത്തിൽ Board of Control for Orphanages and other Charitable Homes, Kerala യിൽ നിന്നും 20 പേരെ ഇവിടെ താമസിപ്പിക്കുന്നതിന് അനുമതി ലഭിച്ചിട്ടുണ്ട്. പദ്ധതി ആസൂത്രണ മാർഗ്ഗരേഖ പ്രകാരം (19.04.2022-ലെ 84/2022/തസ്വഭവ സർക്കാർ ഉത്തരവ് ഖണ്ഡിക 6.5.7) വയോജന പരിപാലനകേന്ദ്രം (Old Age Homes) ബ്ലോക്ക് പഞ്ചായത്തുകൾക്കാണ് ഏറ്റെടുക്കാവുന്നത്. വൃദ്ധസദനത്തിന്റെ നടത്തിപ്പ് സംബന്ധിച്ച് ബൈലോ തയ്യാറാക്കിയിട്ടുണ്ട്. ഇതിന് അംഗീകാരം ലഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. മുതുകുളം ബ്ലോക്ക് പഞ്ചായത്ത് നിർമ്മിച്ച നൽകിയ കെട്ടിടത്തിൽ പത്തിയൂർ ഗ്രാമപഞ്ചായത്തിന് വൃദ്ധസദനം തുടങ്ങാൻ അനുമതി സംബന്ധിച്ച്.

തീരുമാനം :-

1) മുതുകുളം ബ്ലോക്ക് പഞ്ചായത്തും പത്തിയൂർ ഗ്രാമപഞ്ചായത്തും ചേർന്ന് സംയുക്തമായി Old Age Home നടത്താൻ നിർദ്ദേശിക്കുന്നു. ആവശ്യമുള്ള ബ്ലോക്ക് പഞ്ചായത്തിലെ മുഴുവൻ ഗ്രാമപഞ്ചായത്തുകളിലേയും വയോജനങ്ങൾക്കും സേവനം നൽകുന്ന രീതിയിലായിരിക്കണം പ്രവർത്തനം ചിട്ടപ്പെടുത്തേണ്ടത്.
2) ഒപ്പം മുടക്കം കൂടാതെ വൃദ്ധസദനത്തിന്റെ പ്രവർത്തനം ഉറപ്പാക്കാനുള്ള തുക ജില്ല, ബ്ലോക്ക്, ഗ്രാമപഞ്ചായത്ത് വിഹിതത്തിലൂടെ കണ്ടെത്തി പദ്ധതി തയ്യാറാക്കണമെന്നും സംഭാവനയിലൂടെയും മറ്റും വിഹിതം കണ്ടെത്തുന്ന രീതി സ്വീകരിക്കണമെന്നും നിർദ്ദേശിക്കുന്നു. കൂടാതെ ബൈലോയ്ക്ക് അംഗീകാരം വാങ്ങി സാമൂഹ്യനീതി വകുപ്പിന്റെ മാനദണ്ഡങ്ങൾ പാലിച്ചുവേണം വൃദ്ധസദനം തുടങ്ങേണ്ടത്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

യോഗം വൈകുന്നേരം 4.30 മണിക്ക് അവസാനിച്ചു

**അനുബന്ധം**

**<u>യോഗത്തിൽ പങ്കെടുത്തവർ</u>**

1. ബഹു. തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി
2. മെമ്പർ, വികേന്ദ്രീകൃതാസൂത്രണ വിഭാഗം, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്
3. പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
4. സ്പെഷ്യൽ സെക്രട്ടറി I, തദ്ദേശസ്വയംഭരണവകുപ്പ്
5. സെക്രട്ടറി, ധനകാര്യം – റിസോഴ്സ് വകുപ്പ് (പ്രതിനിധി)
6. മെമ്പർ സെക്രട്ടറി, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് (പ്രതിനിധി)
7. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
8. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ (പ്രതിനിധി)
9. എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ (പ്രതിനിധി)
10. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
11. ഡയറക്ടർ പട്ടികജാതി വികസന വകുപ്പ് (പ്രതിനിധി)
12. ഡയറക്ടർ ആരോഗ്യ വകുപ്പ് (പ്രതിനിധി)
13. ഡയറക്ടർ, MGNREGS (പ്രതിനിധി)
14. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (പ്രതിനിധി)
15. ഡയറക്ടർ, പൊതുവിദ്യാഭ്യാസ വകുപ്പ് (പ്രതിനിധി)
16. ചീഫ് ടൗൺ പ്ലാനർ
17. ചീഫ് എഞ്ചിനീയർ, വാട്ടർ അതോറിറ്റി (പ്രതിനിധി)
18. ഡയറക്ടർ, ഇ– ഹെൽത്ത് കേരള (പ്രതിനിധി)
19. പ്രിൻസിപ്പൽ ജനറൽ മാനേജർ ഓഫ് ടെലികോം, BSNL